# സംഹിത

## DIGITAL MAGAZINE

## N.S.S.H.S.S. ALAKODE

# സംഹിത

## ലിറ്റിൽ കൈറ്റ്സ്
## ഡിജിറ്റൽ മാഗസിൻ




## NSS HSS ALAKODE

# ആമുഖം

സാഹിത്യത്തിൻറെ വലിയ ലോകത്തിലേക്ക് അഭിമാനപൂർവ്വം പ്രവേശിക്കാൻ തുടങ്ങുന്നവരുടെ സൃഷ്ടികളാണ് ഈ മാഗസിനിൽ സമാഹരിച്ചിരിക്കുന്നത്. വായനയുടെ ലോകം ഇന്ന് ഏറെ വിശാലമാണ്. ജീവിതത്തിൻറെ എല്ലാ വശങ്ങളെയും സ്പർശിക്കുന്ന വിധത്തിൽ അത് മനുഷ്യരുടെ നിത്യോപയോഗ വസ്തുക്കളിലൊന്നായി തീർന്നിരിക്കുന്നു. വലുപ്പച്ചെറുപ്പങ്ങളെ അപ്രസക്തമാക്കുന്ന രീതിയിലുള്ള ശബ്ദങ്ങളാണ് ഈ മാഗസിനിൽ സ്ഥാനംപിടിച്ചിരിക്കുന്നത്.

'ഇ'വായന വളരെയധികം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഡിജിറ്റൽ മാഗസിൻ എന്ന ഈ സംരംഭം ഏറെ പ്രാധാന്യമർഹിക്കുന്നു. ഡിസൈനിങ് എഡിറ്റിംഗ് മേഖലകളിലുള്ള കുട്ടികളുടെ കഴിവുകൾ ഏറെ പ്രതീക്ഷ ഉണർത്തുന്നതാണ്.

ഓരോരുത്തരും അവർക്ക് സാധ്യമായ ഭാഷകളിലും രീതിയിലും എഴുതുന്നു.എഴുതിത്തെളിഞ്ഞ് വരുംകാലത്ത് നമ്മുടെ ഭാഷയിലെ വലിയ ശബ്ദങ്ങളായി കവികളായി സാഹിത്യകാരന്മാരായി തീരാൻ ഇവർക്ക് കഴിയട്ടെ...



JISHA G NAIR
HEADMISTRESS
N.S.S.H.S.S.ALAKODE

I appreciate the little kites unit of our school is bringing out a digital magazine this year.Our little Kite members are active participants in all activities in our school.I congratulate the little Kite master and mistress who are really motivating the students in all their activities.

This Digital magazine is an example of their creativity, leadership quality, team spirit and enthusiasm. I congratulate all the students who took effort to design this digital magazine.



ചീഫ് എഡിറ്റർ

**ശ്രീമതി.ജിഷ ജി നായർ**

(ഹെഡ്മിസ്ട്രസ്)

സ്റ്റാഫ് എഡിറ്റർ

**ശ്രീമതി. ശ്രീകലാ കെ വി**

(അധ്യാപിക)

സ്റ്റുഡന്റ് എഡിറ്റർ

**മാസ്റ്റർ.അഭിറാം കൃഷ്ണ**

(ലിറ്റിൽ കൈറ്റ്)

എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

**ശ്രീമതി.രാധാ.കെ**

(മലയാളം അധ്യാപിക)

**ശ്രീ.ഹരികൃഷ്ണൻ എ.ആർ**

(SITC,കൈറ്റ് മാസ്റ്റർ)

**ശ്രീമതി.സോണി കെ.**

(കൈറ്റ് മിസ്ട്രസ്)

**കുമാരി .നജ ഫാത്തിമ**

(ലിറ്റിൽ കൈറ്റ്)

**കുമാരി.ദൃശ്യ കെ.ജെ.**

(ലിറ്റിൽ കൈറ്റ്)

**കുമാരി.ഗായത്രി ആർ.**

(ലിറ്റിൽ കൈറ്റ്)

# ഉൾപ്പേജുകൾ ..


| | | |
|---|---|---|
| യാത്ര | – കഥ | 8 |
| വിശപ്പായുസ് | – കഥ | 8 |
| നിഗ്ഗൂഢത | – കുറ്റാന്വേഷണ കഥ | 9 |
| കൊഴിഞ്ഞു പോയവ | – കഥ | 14 |
| കാത്തിരിപ്പ് | – കഥ | 14 |
| Your Best | – Poem | 15 |
| Poem Of Nature | – Poem | 15 |
| A Promise | – Poem | 16 |
| Mother Teresa | – Profile | 16 |
| ഭ്രാന്തമായ ഒരു തിരിച്ചറിവ് | – കഥ | 16 |
| ഏകാന്തതയുടെ തുരുത്തിൽ | – കഥ | 18 |
| വിരഹത്തെ മറികടന്നവൾ | – കഥ | 19 |
| അനാഥത്വതിനും ജീവിതത്തിനു മിടയിൽ | – കഥ | 20 |
| കയ്യൊപ്പ് | – കഥ | 21 |
| അറിയുന്നുവോ | – കഥ | 22 |
| പ്രളയം | – കഥ | 24 |
| ആയുസ്സറ്റു പോയ ജീവിതങ്ങൾ | – കഥ | 24 |
| ഒറ്റക്ക് | – കഥ | 25 |
| ജീവിത താളുകൾ | – ഓർമ്മക്കുറിപ്പ് | 25 |
| അഗ്നി ഗോളം | – കവിത | 25 |
| ശക്തി | – കവിത | 26 |

# ഉൾപ്പേജുകൾ ..


| | | |
|---|---|---|
| പ്രകൃതി | – കവിത | 27 |
| ചുവപ്പ് | – കവിത | 27 |
| ബാല്യകാലം | – കവിത | 28 |
| വരയിടം... | | 29 |

# യാത്ര

Sanjay Anil
7A



**പു**റത്തുനിന്ന് വീശുന്ന തണുത്തകാറ്റ്. ഉറക്കത്തിൽ നിന്ന് അസ്വസ്ഥനായി എഴുന്നേറ്റ് അയാൾ ചുറ്റുമൊന്നു നോക്കി എങ്ങും നിശബ്ദത. അടുത്തിരിക്കുന്ന ഒരു കുട്ടി ഫോണിൽ മുഴുകിയിരിക്കുകയാണ്. അവന്റെ മാതാപിതാക്കളും ഫോണിൽ തന്നെ. അയാൾ കുറച്ചു വർഷം പിറകിലേക്ക് സഞ്ചരിച്ചു. കുട്ടിക്കാലത്ത് മാതാപിതാക്കളുടെ കൂടെ നടത്തിയ ട്രെയിൻ യാത്രകൾ അയാൾ ഓർത്തു. ട്രെയിനിൽ പല ദേശത്തുനിന്നുമുള്ള കുട്ടികളുടെ കൂടെ കളിച്ചതും പുസ്തകങ്ങൾ വായിച്ച് രസിച്ചതും അയാളോർത്തു. അയാൾ എല്ലാ ആഴ്ചയിലും ഗ്രന്ഥശാലയിൽ പോയി പുസ്തകങ്ങൾ എടുക്കുമായിരുന്നു. പുസ്തകങ്ങളും കഥകളും ആയിരുന്നു അയാളുടെ പ്രിയ കൂട്ടുകാർ. പുതുതലമുറയുടെ ഈ മാറ്റം അയാളെ ഏറെ വേദനിപ്പിച്ചു. ട്രെയിൻ സ്റ്റേഷനിൽ എത്തിയിട്ടും അയാളുടെ ചിന്തകൾ പിറകോട്ട് സഞ്ചരിച്ചു. ഇനി ഞാൻ എന്ത് എഴുതുമെന്ന് ആലോചിച്ചു. അപ്പോൾ ഉറക്കം കിട്ടാതെ അസ്വസ്ഥനായ അച്ഛന്റെ പിറുപിറുക്കൽ കേട്ടു. ”ലൈറ്റ് ഓഫാക്കടാ കിടന്നുറങ്ങെടാ”.



# വിശപ്പായുസ്

സൂര്യമിത്ര.പി
X C

**അ**യാളുടെ കൈകാലുകൾ വിറച്ചു. ഒരുപാട് വെള്ളം കുടിച്ചു. അതുകൊണ്ട് അണക്കാൻ പറ്റുമോ വയറ്റിലെ തീ ? കഷ്ടമെന്ന രോഗം പിടിച്ചപ്പോൾ കടം മേടിച്ചയാൾക്ക് ഒരു കാരണമായി. അന്ന് കുളത്തിൽ ഒരുമിച്ച് കുളിച്ചിരുന്ന കൂട്ടുകാർ കുളത്തിൽ മുങ്ങിതാഴ്ന്ന പോലെയാണ് ഇപ്പോൾ. "തന്റെ ആവിശ്യങ്ങൾക്ക് മാത്രം വന്നിരുന്ന ബന്ധുക്കൾ "എന്റെ ആവശ്യങ്ങൾക്ക്  എത്തി നോക്കാൻ പോലും വന്നില്ല. ചില എഴുത്തുകാർ പറയുന്നു. "ഈ ലോകത്തിലെ ഏറ്റവും വലിയ വേദന പ്രണയ നൈരാശ്യമാണെന്ന് " അവർക്കറിയില്ലല്ലോ വിശക്കുന്നവന്റെ വയറ്റിലെ തീ ! അയാൾ ആ വീട്ടിൽ ഒറ്റപ്പെട്ടു. കഴിഞ്ഞമാസം വരെ പിരിവെടുക്കാൻ വന്ന രാഷ്ട്രീയക്കാർ ഈ പടിയിൽ പിന്നെ വന്നില്ല ഒടുവിൽ നിസ്സാഹായനായ അയാൾ ഹൃദയം പൊട്ടുന്ന വേദനയിൽ ആ വീട്ടിൽ അവസാന ശ്വാസം എടുത്തു . ഒടുവിൽ അവർ വന്നു കൂട്ടുകാരും വീട്ടുകാരും വന്നു. ഒരുപാട് പേരുവന്നു. വിശന്ന് മരിച്ച ആളുടെ വീട്ടിലേക്ക് 45 ദിവസം കഴിഞ്ഞ് പലഹാരവുമായി വന്ന ആളുകളെ കണ്ട് ദൈവത്തിന് പോലും ചിരിയടക്കാൻ സാധിച്ചില്ല.

# നിശ്ശബ്ദത....

## ദുരൂഹതകൾ നിറഞ്ഞ ഒരു കുറ്റാന്വേഷണ കഥ

Abina Aneesh
XC



**ആം**ബുലൻസിൻ്റെ കൂക്കിവിളിയും അതിവേഗതയിലുള്ള പോക്കും കണ്ടുകൊണ്ടാണ് നാരായണൻ ഉമ്മറത്തേക്ക് വന്നു നോക്കിയത്. കാര്യം എന്താണ് എന്ന് മനസ്സിലാവാത്തതു കാരണം അയാൾ തൻ്റെ നെറ്റിയൊന്ന് ചുളിച്ച് കണ്ണട ശരിയാക്കി കൊണ്ട് അവിടേക്ക് ഉറ്റു നോക്കി. അതു വഴി പോകുന്ന ഒരു അപരിചിതനെ വിളിച്ചു അയാൾ .കാര്യം തിരക്കി

നിങ്ങൾ അറിഞ്ഞില്ലേ ആ കാട്ടിൽ വീണ്ടും ഒരു ശവം പ്രത്യക്ഷമായിരിക്കുന്നു. ശവം കൊണ്ടുപോകാനാണ് ആംബുലൻസ് എത്തിയത് ഇതും ഏതോ വന്യ ജീവി ഇറങ്ങിയതാണെന്നു തോന്നുന്നു .നിങ്ങൾ ഒരു ഡോക്ടർ ഒക്കെയല്ലേ ഒന്ന് വന്നു നോക്കിയേക്ക് വല്ല .ദുരൂഹതയും കണ്ടുപിടിക്കാൻ കഴിഞ്ഞാലോ

അയാൾ ചിരിച്ചു കൊണ്ട് പറയുമ്പോൾ നാരായണൻ ഈ ലോകം ഇതെങ്ങോട്ട് പോയിക്കൊണ്ടിരിക്കുന്നു എന്നാ ചിന്തയിലായിരുന്നു. ഒരു ശവം കിടക്കുന്നത് കണ്ടിട്ടും അവിടെയും തമാശ പറയാനാണ് മനുഷ്യർ ശ്രമിക്കുന്നത് എന്നാലും ഒന്ന് പോയേക്കാം എന്ന് കരുതി അയാൾ അകത്തു പോയി ഒരു ഷർട്ടും ഇട്ട് ശവം എടുക്കുന്നതിന് മുൻപായി അവിടെയെത്തി

ഇതൊരു സ്ത്രീയുടെ ശരീരമാണ് കിടക്കുന്നത്.അയാൾ പറഞ്ഞത് ശരിയാ, ഒറ്റനോട്ടത്തിൽ ഒരു വന്യ ജീവി കടിച്ചു തുപ്പിക്കളഞ്ഞതുപോലെയാണ്. ആദ്യത്തെ രണ്ടു കേസും ആണുങ്ങൾ ആയിരുന്നു ഇതും അതേ പൊസിഷനിൽ . ബോഡി ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ല. എങ്ങനെ അറിയാൻ കഴിയും മാംസവും നഖവും മുടിയും അല്ലാതെ മറ്റൊന്നും ഇവിടെ കാണാനില്ല.ഈ കാട്ടിലേക്ക് ആരും പോകാത്തതാണ്. പിന്നെ ഈ സ്ത്രീ എന്തിനാകും അവിടേക്ക് പോയത്. അങ്ങനെ നൂറ് കൂട്ടം ചോദ്യങ്ങളുമായി നിൽക്കുമ്പോഴാണ് ആരോ ആൾക്കൂട്ടത്തിൽ നിന്നും വിളിച്ചു പറയുന്നത് ഭാസ്കരന്റെ ഭാര്യയെ കാണാനില്ല എന്നും ഭാസ്കരൻ ഭാര്യയെ സ്വന്തം വീട്ടിലേക്ക് പറഞ്ഞയച്ചതായിരുന്നു പക്ഷേ അവിടെ എത്തിയിട്ടില്ല എന്നും ഒക്കെ അപ്പോഴേക്കും ബോഡിയിൽ ഉണ്ടായിരുന്ന ഒരു വള ഭാസ്കരൻ തിരിഞ്ഞറിഞ്ഞുവത്രെ. അയാൾ ആകെ

കരഞ്ഞു കെട്ടിപ്പിടിച്ചു കുളമാക്കുന്നുണ്ട്.അയാളുടെ സങ്കടം ആരും അറിഞ്ഞില്ലെങ്കിലും തനിക്ക് സഹിക്കാൻ കഴിയുമെന്ന് അയാൾ മനസ്സിൽ പറഞ്ഞു.അങ്ങനെയുള്ള ഒരു രാത്രിയായിരുന്നല്ലോ തൻ്റെ സീതയും തന്നോട് വിട പറഞ്ഞത് അന്ന് മുതൽ ഇന്നുവരെ ഒറ്റയ്ക്കാണ്.വീട്ടിൽ വരുന്ന രോഗികളെ ചെറിയ പൈസയ്ക്ക് ചികിത്സിക്കും അത് കഴിഞ്ഞാൽ ബാക്കി മൊത്തം ഒറ്റയ്ക്കാണ്

ആംബുലൻസിൽ ശവം കയറ്റി അത് വേഗത്തിൽ കുതിച്ചു പാഞ്ഞു.ശവം പോയതും തടിച്ചു കൂടിയ ആളുകൾ ഓരോരുത്തരോരോന്നായി ഒഴിഞ്ഞു പോകാൻ തുടങ്ങി.അവസാനമായിരുന്നു നാരായണൻ പോവാൻ നോക്കിയത്,ചുറ്റുപാടും ഒന്ന് വീക്ഷിച്ചു കുഴപ്പമില്ല എന്ന് മനസ്സ് പറഞ്ഞപ്പോൾ നടക്കാൻ തുടങ്ങവേ കാലിൽ എന്തോ കൊണ്ട് വേദന ഉണ്ടായി.എന്താണ് അത് എന്നു കരുതി അയാൾ നിലത്തു ഇരുന്ന് സൂക്ഷിച്ചു നോക്കവേ ഒരു തിളക്കമുള്ള നഖം ആണതെന്ന് അയാൾക്ക് മനസ്സിലായി. അതിനെ സൂക്ഷിച്ചു തൊടാതെ ആരും കാണാത്ത ഒരു സ്ഥലത്തേക്ക് മാറ്റിനിർത്തി. എന്നിട്ട് ഒന്നുകൂടെ സൂക്ഷിച്ചു നോക്കിയപ്പോൾ ആ മൃഗത്തിൻ്റെ കാൽപാടുകൾക്ക് എന്തോ പന്തികേടുള്ളതു പോലെ

അയാൾക്ക് തോന്നി. ഒന്നുകൂടി സൂം ചെയ്തപ്പോൾ Fingerprint എന്ന ടോപ്പിക്കിൽ അയാൾ റിസർച്ച് ചെയ്ത സമയത്ത് അയാൾ കണ്ടുപിടിച്ച ഒരു കാര്യം അയാൾക്ക് ഓർമ വന്നു.മൃഗങ്ങളുടെ Footprint എപ്പോഴും ഒരുപാട് വരകൾ നിറഞ്ഞതായിരിക്കും, പക്ഷേ ഇതിൽ ചില ഭാഗങ്ങളിൽ മനുഷ്യരുടെ കാൽപാടുകൾ പോലെ കാണാൻ ഇടയായി.

എന്തായിരിക്കും ഇതിനു പിന്നിലുള്ള രഹസ്യം. അപ്പൊ ഈ മൂന്നു കേസുകളും മനുഷ്യൻ്റെ കൈ കൊണ്ട് പറ്റിയതാവുമോ? തൻ്റെ കാലിൽ കൊണ്ട ആ നഖം ഉറപ്പായും ചിലതൊക്കെ കണ്ടുപിടിക്കാൻ തന്നെ സഹായിക്കും എന്നോർത്തപ്പോൾ അയാൾക്ക് സമാധാനം ആയി. തനിക്ക് പിന്നിൽ ആരോ ഉണ്ടെന്ന തോന്നലിൽ അയാൾ പെട്ടന്ന് പിന്തിരിഞ്ഞു ഒന്നുമില്ല എന്ന് മനസ്സിലായി. തോന്നലാവാം എന്നുകരുതി അയാൾ തന്റെ വീട്ടിലേക്ക് തന്നെ പോയി. രാത്രിയെ കീറിമുറിച്ചു കൊണ്ട് പുലരി വന്നപ്പോൾ കൂടെ ഒരു ചൂട് വാർത്തയും ഉണ്ടായിരുന്നു. ഭാസ്കരൻ്റെ ഭാര്യയാണ് അത് എന്ന്

ഡി.എൻ.എ ടെസ്റ്റിലൂടെ തിരിച്ചറിഞ്ഞിരിക്കുന്നു, വന്യ ജീവിയുടെ ആക്രമണമാണ് മരണകാരണമെന്ന് പോസ്റ്റുമാർട്ടത്തിലൂടെ തിരിച്ചറിഞ്ഞുവത്രെ . കാട്ടിലാട് എന്ന ആ ഗ്രാമത്തിന് റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നു. ഇനിയും കാട്ടു മൃഗങ്ങളുടെ ശല്യം ഉണ്ടാവും എന്നും ആ കാട്ടിലേക്ക് ആരും പോകരുതെന്നുമാണ് വാർത്ത

എല്ലാവരും അത് വിശ്വസിച്ച് ഭയത്തോടെ വീട്ടിലിരുന്നു.എന്നാൽ നാരായണന് മാത്രം പേടി തോന്നിയില്ല. അപ്പോൾ അയാളുടെ മനസ്സ് മുഴുവനും ഇന്നലെ കണ്ട കാൽപ്പാടുകളിലും ആ നഖത്തിലുമായിരുന്നു അതുമാത്രമല്ല ആ പാടുകൾക്ക് കുറച്ചു വ്യക്തതക്കുറവുണ്ടായിരുന്നു അങ്ങനെ വരണമെങ്കിൽ രണ്ടു സാധ്യതകൾ ഒന്ന് : ആ വ്യക്തി അല്ലെങ്കിൽ ജീവി പോയതിനു ശേഷം ഒരാൾ അതിലൂടെ ആ Footprintന് മുകളിലായി നടന്നിരിക്കാം. അല്ലെങ്കിൽ വല്ല മഞ്ഞും കൊണ്ട് ആ Footprint clearity കുറഞ്ഞതാവണം. ഒന്നാമത്തെ സാധ്യതയെ നമുക്ക് നിഷ്കരുണം ഒഴിവാക്കാൻ സാധിക്കും കാരണം അങ്ങനെ വേറെയും ഒരാൾ അതിലൂടെ പോകണമെങ്കിൽ എവിടേലും രണ്ടാമതൊരു പ്രിന്റ് കാണേണ്ടതാണ്. കൂടുതലും രണ്ടാമത്തതിനാണ് സാധ്യത. അയാൾ വീണ്ടും ആലോചിക്കാൻ തുടങ്ങി അപ്പോഴേക്കും താൻ കാത്തിരുന്ന ഫ്രണ്ട് അങ്ങോട്ട് വന്നു"ബാല ഇരിക്ക് എന്തൊക്കെയുണ്ട് വിശേഷം

"സുഖമാണ് നാരായണ.. നീ വരണം എന്നും പറഞ്ഞ് വിളിച്ചപ്പോ ഒന്നും നോക്കീല്ല, നിനക്ക് ഞങ്ങളെ വേണ്ടെങ്കിലും ഞങ്ങൾക്ക് അങ്ങനെ പറ്റുമോ ? "

"നിനക്ക് അറിയില്ലേ സീത പോയതിനു ശേഷം ഞാൻ ഇപ്പൊ ആരുമായും ബന്ധപ്പെടാറില്ല. കൂടുതൽ അടുത്താൽ നഷ്ടപ്പെടുമോ എന്ന പേടിയാ.."

"അതൊക്കെ അറിയാം. അതൊക്കെ പോട്ടെ നീ ഇപ്പൊ സീരിയസ് ആയിട്ട് കാണണം എന്ന് പറഞ്ഞതിന്റെ കാര്യമെന്ത് "?

നാരായണൻ, അയാൾ ഇന്നലെ കണ്ടതും കണ്ടുപിടിച്ചതുമായതെല്ലാം പറഞ്ഞു കൊടുത്തു.

അങ്ങനെയാണ് കാര്യങ്ങളുടെ കിടപ്പ് അല്ലെ ആദ്യം നീ ഇവിടെ എവിടെയെങ്കിലും കട്ടച്ചെളിയോ അല്ലെങ്കിൽ മണ്ണോ ഉള്ള സ്ഥലം നോക്കണം. അതുമല്ലെങ്കിൽ മഞ്ഞ് എവിടെയെങ്കിലും വന്നിട്ടുണ്ടോ എന്ന് നോക്കണം ഇത് നോക്കി കണ്ടുപിടിക്കാൻ കഴിഞ്ഞാൽ കാര്യം സുഖമാകും. പോസ്റ്റ്മോർട്ടം റിപ്പോർട്ട് വന്നോ. അതേ ബാലാ വന്നു. നീയൊരു ഫോറൻസിക് റിപ്പോർട്ടർ ആണല്ലേ, എന്നുകരുതിയാണ് നിന്നെ ഞാൻ വിളിപ്പിച്ചത്. ആ റിപ്പോർട്ടിലും വന്യജീവിയുടെ ആക്രമണം എന്ന് സ്ഥിരീകരിച്ചു അങ്ങനെ വരാൻ ഒരു വഴിയുമില്ല കാരണം പോസ്റ്റ്മോർട്ടത്തിൽ ഉറപ്പായും ഒരു വന്യജീവിയുടെയും മനുഷ്യന്റെയും ആക്രമണം പെട്ടെന്ന് മനസ്സിലാക്കാൻ കഴിയും അങ്ങനെയെങ്കിൽ ഇതിനു പിന്നിലുള്ള ആളുകൾ വലിയ ആൾക്കാരാണ്. അല്ലെങ്കിൽ നിനക്ക് തെറ്റ് പറ്റിയത് ആയിരിക്കും.

നമുക്ക് ആദ്യം ഭാസ്കരന്റെ വീട്ടിൽ ഗൃഹസന്ദർശനം വെറുതെ എന്നപോലെ നടത്തിയാലോ?

അത് നല്ലൊരു ഐഡിയ ആണ് കാരണം അവിടെ നിന്നും എന്തെങ്കിലും ഒരു സൂചന ലഭിക്കാതിരിക്കില്ല.

രണ്ടുപേരും ഭാസ്കരന്റെ വീട്ടിലേക്ക് പുറപ്പെട്ടു. കൂട്ടത്തിൽ അല്ലാത്ത കാര്യങ്ങളും സംസാരിച്ച് അവർ വീട്ടിലെത്തി.

ആ നിങ്ങളോ കയറിയിരിക്ക് (ഭാസ്കരൻ )

ഞങ്ങൾ ഇതിലൂടെ പോയപ്പോൾ ഒന്ന് കയറാമെന്ന് കരുതി.

അങ്ങനെ അവർ പലതും സംസാരിക്കുന്നതിനിടയിൽ ടിവിയിൽ നിന്നും ഉച്ചത്തിലുള്ള വാർത്ത കേട്ടു.

കാട്ടിലാടിന് സമീപത്തുള്ള കാര്യം തോട്ടിൽ ഇന്നലെ മഞ്ഞുമഴ കാണാനിടയായി കണ്ട് നിന്നവർക്കും ഇതൊരു പുതിയ അനുഭവം.

ഇത് കേട്ട ബാലനും നാരായണനും പരസ്പരം ഒന്നു നോക്കി പിന്നീട് ഭാസ്കരനോട് ഭാര്യയെ കുറിച്ച് തിരക്കി അവർ ഇറങ്ങി.

നാരായണ ഞാൻ ഒരു കാര്യം നിന്നോട് ആദ്യമേ പറയാം ഇത് കുറച്ച് റിസ്കുള്ള പണിയാണ് നമ്മുടെ ജീവൻ വച്ചുള്ള കളിയാണ് നമുക്കിത് ഇവിടെ അവസാനിപ്പിക്കാം.

ഞാനൊരു കാര്യം അന്വേഷിച്ചു പോയാൽ എടുത്ത കാല് പിന്നോട്ട് വയ്ക്കുന്ന ശീലം നാരായണന് ഇല്ല ബാല ഇവിടെവെച്ച് നമുക്ക് പിരിയാം. നീ ഇതുമായി മുന്നോട്ടു പോകാനാണ് എങ്കിൽ ഞാനും പിരിയാൻ തയ്യാറാണ് അങ്ങനെ രണ്ടുപേരും രണ്ടായി വഴിമാറി..........

ടിന്നിം ടിന്നിം...

ബെല്ലടിയുടെ ശബ്ദം കേട്ട് ഭാസ്കരൻ വാതിൽ തുറന്നു. Helo Mr Baskaran, am I right?

എസ് ഞാനാണ് ഭാസ്കരൻ. ഓക്കേ ഞാൻ കാട്ടിലാട് ഹെഡ്കോൺസ്റ്റബിൾ ഐസക്ക് മാത്യു.

“യാ സർ അറിയാം വരൂ ..... ”

” നിങ്ങളുടെ ഭാര്യയല്ലെ മരണപെട്ടത് ”

അത് കേട്ടപ്പോൾ അവന്റെ മുഖം താഴ്ന്നു .

”Oh! I’m sorry. നിങ്ങളുടെ വിഷമം എനിക്ക് മനസ്സിലാവും. But its my duty ”

”Hey, No problem sir”

അവളെപ്പറ്റിയും അന്ന് അവസാനമായി അവൾ ചെയ്തതിനെപ്പറ്റിയും ഭാസ്കരൻ വിവരിച്ചു.

”നിങ്ങൾക്ക് എന്തെങ്കിലും ദുരൂഹത തോന്നുന്നുണ്ടോ ഇതിൽ ” [ ഐസക്]

” ഇല്ല . എനിക്കാരെയും സംശയമില്ല ” .

” അങ്ങനെയെങ്കിൽ നമ്മുക്ക് ആ മൃഗത്തിനെ പിടിക്കലിലേക്ക് കടന്നാലോ ” [ ഐസക് ]

” അതെ തീർച്ചയായും. ”

അതും പറഞ്ഞ് ഐസക് ജീപ്പിൽ കയറി പോയി. സ്റ്റേഷനിൽ എത്തിയതും തന്നെ വെയിറ്റ് ചെയ്തു ഏതോ ഒരു Dr. നാരായണൻ കാക്കുന്നു എന്ന് കോൺസ്റ്റബിൾ പറഞ്ഞു.

ഈ സമയത്തിതാരെന്നു കരുതി നോക്കിയപ്പോൾ അയാൾ അടുത്തു വന്നു എല്ലാവരും കേൾക്കെ അയാളുടെ കാര്യങ്ങൾ പറഞ്ഞു.

ഇതിനെന്ത് ഉത്തരം കൊടുക്കുമെന്ന ആശങ്കയിലായിരുന്നു ഐസക്

ഐസകിന്റെ അടുത്തു പോയി കാര്യങ്ങൾ പറഞ്ഞപ്പോൾ ഒരു സമാധാനം. സന്ധ്യ ആകാറായപ്പോൾ നാരായണൻ വിളക്കുമായി ഉമ്മറത്തേക്ക് വന്നു.

രാത്രി ആയപ്പോൾ ഒരു പേഷ്യന്റ് ന്റെ X-Ray റിപ്പോർട്ടുമായി അയാൾ തന്റെ മേശക്കരികിൽ വന്നിരുന്നു X-Ray പരിശോധിക്കാൻ തുടങ്ങി. അൽപ സമയത്തിന് ശേഷം കറന്റ് പോയി. അയാൾ അടുക്കളയിൽ പോയി വിളക്ക് കത്തിക്കാൻ നോക്കിയതും എന്തോ നിലത്തേക്ക് വീഴുന്ന ശബ്ദം. വല്ല പൂച്ച യും പിറകിലെ പാത്രം തട്ടിയതാവും എന്ന് കരുതി അയാൾ വീണ്ടും തന്റെ പണി തുടർന്നു വീണ്ടും അങ്ങനെയുള്ള സൗണ്ടുകൾ കേൾക്കാൻ തുടങ്ങിയത്തോടെ കാര്യം അത്ര പന്തിയല്ല എന്ന് തോന്നിയതും വേഗം വെളിച്ചം തെളിയിച്ച് അടുക്കളയിൽ നിന്നും പോകാൻ ഒരുങ്ങവെ പിന്നിൽ നിന്നോരു വിളി.... നാരായണാ... താൻ പേടിച്ച് ഓടാൻ നോക്കുകയാണോ ? പെട്ടെന്ന് പിറകിലേക്ക് തിരിഞ്ഞു നോക്കി ആരേയും കാണാൻ ഇല്ലല്ലോ.

ഒക്കെ പേടി കൊണ്ട് മാത്രം തോന്നുന്നതാവാം എന്നു കരുതി മനസ്സിനെ പഠിപ്പിച്ച് കൊണ്ട് അയാൾ വീണ്ടും നടക്കാൻ തുടങ്ങി. പെട്ടെന്ന് തന്റെ കൈക്ക് ഉറുമ്പ് കടിക്കുന്ന വേദന പോലെ തോന്നിയപ്പോൾ അയാൾ ഒന്ന് ബൈഡിലേക്ക് നോക്കി. കറുത്ത ഷർട്ടും തൊപ്പിയും ഗ്ലൗസും ഇട്ട ഒരു മനുഷ്യൻ തന്റെ കയ്യിലേക്ക് എന്തോ കുത്തിവെക്കുന്നത് ഒരു മിന്നായം പോലെ അയാൾ കണ്ടു.

പ്രഭാതം പൊട്ടി വിടർന്നപ്പോൾ ആളുകളെ നടുക്കികൊണ്ട് കാട്ടിലാടിലെ കാട്ടിൽ വീണ്ടും ഒരു വന്യജീവി ആക്രമണം കണ്ടെത്തി .

ഇന്നും പതിവിലെയും പോലെ ആളുകൾ എല്ലാം തടിച്ചു കൂടിയിരുന്നു. മുഖം മണ്ണിലേക്ക് മറച്ചു വെച്ചതുകൊണ്ട് അളുടെ മുഖം ആർക്കും വ്യക്തമല്ല. പോലീസുകാർ വന്നു തടിച്ചുകൂടിയ അൾക്കൂട്ടത്തിനെ വകഞ്ഞു മാറ്റി കൊണ്ട് ഐസക് ശവത്തിനടുത്തേക്ക്

വന്നു. മുഖം തിരിഞ്ഞു കിടക്കുന്ന ശവത്തിനെ തിരിച്ചിടാൻ പറഞ്ഞു. ഒരു നിമിഷം കഴിഞ്ഞതും. ആൾക്കൂട്ടത്തിൻ നിന്നും ഒരാൾ വിളിച്ചു പറഞ്ഞു. മരിച്ചത് നമ്മുടെ ഡോക്ടർ നാരായണൻ തമ്പി സർ ആണ്.

ബാലൻ തന്റെ പാരുകസേരയിൽ ഇരുന്നു കൊണ്ട് ഒരോന്നും ആലോചിക്കാൻ തുടങ്ങി. ഇനിയും സമയം വൈകിയാൽ തന്റെ നാരായണന്റെ മൃതുദേഹത്തിന് ശാന്തി ലഭിക്കില്ലന്ന് തോന്നിയപ്പോൾ അയാൾ കസേരയിൽ നിന്നുമെഴുന്നേറ്റ് പെൻഡ്രൈവും ഫോണും പിന്നെ കുറച്ച് കടലാസുമായി കോടതി ലക്ഷ്യമാക്കി നീങ്ങി.

കോടതി വരാന്തയിൽ ഒരു കസേരയാൽ ഇരുന്ന് നാരായണൻ ബാലന് കൈമാറിയ കടലാസുകളൊക്കെയും ബാലൻ. ഒരു മുറിയിൽ നിന്നും ഒരു മസുഷ്യൻ ഇറങ്ങി വന്ന് ബാലൻ ആരാ? എന്ന് ചോദിച്ചു

ബാലൻ താനാണ് എന്നും പറഞ്ഞു അയാളുടെ അടുക്കലേക്ക് നിന്നു. ഇത് വളരെ രഹസ്യമായി കോടതിയിൽ എത്തിക്കേണ്ടത് കാരണം ബാലൻ കോടതി മുറിയിലേക്ക് കയറി. കൂടെ ഒരു വക്കീലുമുണ്ടായിരുന്നു അവർ രണ്ടും ജഡ്ജിയുടെ മുൻപിലായി കൊണ്ട് ഇരുന്നു. എന്നിട്ട് നാരായണൻ

കണ്ടുപിടിച്ച കാര്യങ്ങൾ ഒരോന്നായി തെളിവ് സഹിതം കോടതിയിൽ പൂണ്ടികാട്ടി

നാരായണന്റെ കാലിൽ തട്ടിയ ആ നഖമാണ് അയാൾക്ക് ഇതിനുപിന്നിൽ മനുഷ്യന്റെ കരങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കിയത്. തിളങ്ങുന്ന ആ നഖങ്ങൾ ഒരു മൃഗത്തിന്റേത് അല്ല എന്ന് കാണുമ്പോൾ തന്നെ വ്യക്തമാണ് അതും പറഞ്ഞു കോടതിക്ക് തെളിവായി ബാലൻ നഖങ്ങൾ കൊടുത്തു. പിറ്റേന്ന് രാവിലെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ മൃഗത്തിന്റെ ആക്രമണം കാരണമാണ് കൊല്ലപ്പെട്ടത് എന്ന് പറഞ്ഞപ്പോൾ ഞാനും അവനും കൂടി ആരുമറിയാതെ ആ ബോഡിയെ വീണ്ടും പോസ്റ്റ്മോർട്ടത്തിന് വിധേയമാക്കാൻ തീരുമാനിച്ചു.ഞനും അവന്റെ കൂടെ പോവാം എന്ന് വിചാരിച്ചെങ്കിലും അപകടം മണത്തറിഞ്ഞ അവൻ എന്നെ തന്ത്രപൂർവ്വം അതിൽ നിന്നും ഒഴിവാക്കുകയും ഒറ്റക്ക് ഏറ്റെടുക്കുകയും ആയിരുന്നു

അവൻ വീണ്ടും ചെയ്ത പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ കോപ്പിയാണിത്. ഇതിൽ മഞ്ഞിന്റെ അംശം ബോഡിയിൽ കാണപ്പെട്ടു എന്ന് കിട്ടിയിട്ടുണ്ട്. എന്നാൽ ആദ്യത്തെ റിപ്പോർട്ടിൽ അതില്ലായിരുന്നു. അന്ന് കാരത്തോട് എന്ന ഒരു പ്രദേശത്ത് മഞ്ഞുവീഴ്ച ഉണ്ടായിരുന്നു എന്ന് കേട്ടു. അതും ഈ മഞ്ഞിന്റെ അംശം ബോഡിയിൽ കണ്ടു എന്നതും ഞങ്ങളെ അധികസംശയത്തിലേക്ക് എത്തിച്ചിരുന്നു. പിന്നീട് നാരായണൻ കണ്ടെത്തിയ വഴിയായിരുന്നു അയാൾക്ക് ഈ കേസിൽ തെളിവുകൾ കിട്ടീട്ടുണ്ട് എന്ന് പോലിസ് സ്റ്റേഷനിൽ പോയി പറയാൻ കാരണം പോസ്റ്റ്മോർട്ടം അട്ടിമറിക്കാൻ അവർക്ക് കഴിഞ്ഞുവെങ്കിൽ ഉറപ്പായും പോലീസുകാരുടെ സഹായം ആ കൊലയാളിക്ക് കാണും അത് പോലെ തന്നെ മൃഗത്തിന്റെ കാൽപാടുകളായികണ്ട ആ പ്രിന്റുകളിലും ചില ദുരൂഹതകൾ അവൻ മനസിലാക്കി.ആ പ്രിന്റിൽ ചില ഭാഗങ്ങൾ complicated ആയ പ്രിന്റും ചിലത് മനിഷ്യന്റെതെന്ന് തോന്നിപ്പിക്കും വിധം സിമ്പിൾ പ്രിന്റുമാണ് കാണാൻ സാധിച്ചത്. എങ്കിലും ഇതൊന്നും ഒരിക്കലും തെളിവായി കണക്കാക്കാൻ കഴിയില്ലല്ലോ mr. Balan (കോടതി) അതെ അറിയാം അതുകൊണ്ടാണല്ലോ ഇപ്പൊ എന്റെ നാരായണൻ ഇവിടെ ഇല്ലാത്തത്. ഒരു തെളിവുകൂടിയേ ഇനി ബാക്കി ഉള്ളു. ഈ പെൻഡ്രൈവ് എന്റെ നാരായണൻറെ കൊലയാളിയുടെ നേർ രൂപം പതിഞ്ഞ പെൻഡ്രൈവ്. പോലീസ് സ്റ്റേഷനിൽ പോയി കാര്യങ്ങളൊക്കെ പറഞ്ഞാൽ ഇതുപോലെ മരണപെടുമെന്ന് എന്റെ നാരായണന് അറിയാമായിരുന്നിട്ടും സ്വന്തം ശരീരത്തെ ബലി കൊടുത്ത് കേസിനെ തെളിയിച്ചവനാണ് അവൻ ഒരിക്കലും ഇത് കണ്ടശേഷം ആ കൊലയാളിയെ വെറുതെ വിടില്ല എന്ന് പ്രതീക്ഷിക്കുന്നു. അതും പറഞ്ഞു ബാലൻ തന്റെ കയ്യിലെ പെൻഡ്രൈവ് ജഡ്ജിക്ക് കൈമാറി. ജഡ്ജി അവരുടെ മുൻപിൽ നിന്നുതന്നെ ആ vedio തുറന്നു നോക്കി.എന്തോ വായിച്ചു കൊണ്ടിരിക്കുന്ന നാരായണന്റെ പിന്നിൽ കൂടി ആരോ മെല്ലെ മെല്ലെ നടന്നു വന്നു. അയാളുടെ രൂപം മറയ്ക്കാൻ ഗ്ലൗസും മാസ്കും അയാൾ ധരിച്ചിരുന്നു. പെട്ടെന്ന് കറന്റ് ഓഫ് ആവുന്നു. നാരായണൻ വിളക്ക് കത്തിക്കാൻ വേണ്ടി അടുക്കളയിൽ പോയപ്പോൾ ആ രൂപം വീണ്ടും നാരായണനെ പിൻതുടരുന്നു. പെട്ടന്ന് അയാൾ ഒരു ഇൻജക്ഷൻ കൊടുത്തു നാരായണനെ പകുതി മയക്കി.എന്നിട്ടയാൾക്ക് വേണ്ട തെളിവുകളെല്ലാം കണ്ടെത്തി തന്റെ കയ്യിൽ മൃഗങ്ങളുടെതേന്ന് തോന്നിപ്പിക്കും വിധം ഒരു നഖം ധരിച്ചു.അയാൾ പിന്നീട് ഭാസ്കരന്റെ ഭാര്യയുടെ കൊലയാളി അയാളെണെന്നും അത് തെളിയിക്കാൻ ഒരിക്കലും പറ്റില്ല എന്നുമൊക്കെ പറയുന്നു.

ബാലൻ പെട്ടന്ന് സ്വബോധത്തിലേക്ക് വന്നു. മുഖം ഒന്ന് തന്റെ ഉടുത്ത മുണ്ടിന്റെ അറ്റതുത്തുടച്ചുകൊണ്ട് ഒരു നല്ല വാർത്ത കേൾക്കണേ എന്ന് പ്രാർത്ഥിച്ചു അയാൾ നടന്നു നീങ്ങി.

വീണ്ടും ഒരു മഞ്ഞു മൂടിയ പ്രഭാതം പൊട്ടി വീണു. ചൂടുള്ള വാർത്ത കാട്ടിലാടിലെ ആളുകൾക്ക് വേണ്ടി കാത്തിരുന്നു.


ഒരു കുഞ്ഞി പയ്യൻ ''ഭാസ്കരേട്ടന്റെ ഭാര്യയുടെ ഘാതകനെ കണ്ടു പിടിച്ചേ....'' എന്നും പറഞ്ഞു ആ നാട് മുഴുവനം ഓടി നടന്നു.

പോലീസുകാർ ഭാസ്കരേട്ടന്റെ ഭാര്യയുടെ ഘാതകനെ പുറത്തേക്ക് ഇറക്കി എല്ലാവരും അയാളെ തന്നെ ഉറ്റുനോക്കി കൊണ്ടിരുന്നു. പക്ഷെ മുഖം ടവ്വൽ കൊണ്ട് മറച്ചതുകൊണ്ട് ആരാണെന്ന് ആർക്കും മനസ്സിലായില്ല. പെട്ടന്ന് ഒരു വലിയ കാറ്റ് അയാളുടെ മുഖത്തിൽ നിന്നും ആ ടവൽ പറന്നു നിലത്തേക്ക് വീണു.'ഐസക് മാത്യു സർ' എല്ലാവരുടെയും കണ്ണ് പുറത്തേക്ക് തള്ളും വിധം ഉന്തിയിരുന്നു. പോലീസുകാരുടെ ഇടയിലൂടെ ജീപ്പിലേക്ക് കയറുമ്പോൾ അയാൾ അന്നത്തെ രാത്രിയെകുറിച്ച് ആലോചിക്കു കയായിരുന്നു. താനും തൻ്റെ ഒരു ചങ്ങാതി - യും കൂടി മയക്കു മരുന്ന് സെല്ലിങ്ങിന്റെ ഡീലിനെകുറിച്ചും അതിൻ്റെ ക്വാളിറ്റിയെ കുറിച്ചും പറയുന്നതിനിടക്കാണ് എന്തൊ തട്ടി വീഴുന്ന ശബ്ദം കേൾക്കാൻ ഇടയായത്. എന്താണ് എന്ന് കരുതി അങ്ങോട്ട് നോക്കിയതും ഒരു പെണ്ണ് പരുങ്ങി കളിക്കുന്നത് കണ്ടതു കൊണ്ട് കാര്യം തിരക്കാൻ വേണ്ടി അവളുടെ അടുത്തേക്ക് പോകുമ്പോഴാണ് അവളടെ കയ്യിലെ ഫോൺ ഞാൻ കാണുന്നത്. കാര്യം ഏകദേശം മനസ്സിലായെങ്കിലും അത് തന്നെയാണോ എന്ന് ഉറപ്പിക്കാൻ ഞാൻ അവളുടെ അടുത്തേക്ക് പോയി. നിങ്ങൾ ഒരു പോലീസ് തന്നെയാണോ. ലഹരി മുക്ത കേരളം എന്നൊക്കെ പറഞ്ഞു നടന്ന നിങ്ങൾ തന്നെ ഇങ്ങന്നെ നടന്നാൽ മറ്റുള്ളവരുടെ കാര്യം എന്താവും. ഇനിയും ഇതിന് ഞാൻ അനുവദിക്കില്ല. ഉറപ്പായും ഞാൻ കംപ്ലയിൻ്റ് ചെയ്യും. അതും പറഞ്ഞു അവൾ പോവാൻ നോക്കിയെങ്കിലും പിന്നീട് തന്നിക്കുണ്ടാവുന്ന മാനക്കേട് ഓർത്തു അവളെ വെറുതെ വിടാൻ ഞാൻ തയ്യാറായില്ല് ആദ്യമൊക്കെ പറയരുത് എന്നും അതുകൊണ്ട് നിനക്കും ഉപകാരങ്ങൾ മാത്രമേ ഉണ്ടാകൂ എന്നും പറഞ്ഞെങ്കിലും അവൾ സമ്മതിച്ചില്ല.

പിന്നെ മറ്റൊരു മാർഗം ഇല്ലാത്തത് കൊണ്ടും ദേഷ്യം അടങ്ങാത്തതുകൊണ്ട് അവളെ തൻ്റെ കൈകൾ കൊണ്ട് കൊല്ലേണ്ടി വന്നു. പിന്നെയാണ് ഒരു കാട്ടുമൃഗത്തിൻ്റെ ശല്യം കാട്ടിലകാടിന് ഉണ്ടായിരുന്നു എന്ന പരാതി ഓർമ വന്നത് അതുപോലെ കിടക്കട്ടെ എന്ന് കരുതി കാട്ടിൽ എത്തിയതും പ്രിൻ്റ് പതിയുന്ന ഭാഗം മാത്രം മൃഗങ്ങളുടെ Fake foot ധരിച്ചു കൊണ്ട് അവിടെ നിന്നും കാട്ടിലേക്ക് നടന്നു. എന്നിട്ട് വെപ്പ് നഖം കൊണ്ട് അവളുടെ ദേഹം മുഴുവൻ വരകൾ നിർമിച്ചു. പക്ഷേ കാര്യം കൈയ്യിൽ നിന്ന് പോയത് മഞ്ഞു മഴ വന്നപ്പോൾ വെപ്പ് നഖം വാങ്ങിയ സ്ഥലത്തു നീന്ന് ഓടിവരാൻ കൈകൾ ഉയർത്തി പിടിച്ചിരുന്നു അപ്പോൾ മഞ്ഞിന്റ അംശം അതാൽ പിടിച്ചിട്ടുണ്ടാവാം അത് നോക്കാതെ അവളെ അത് കൊണ്ട് മാന്തുകയും ചെയ്തു. പത്തു നഖങ്ങളിൽ ഒന്ന് മിസ്സായത് അറിഞ്ഞതുമില്ല. ഇതൊക്കെ കാരണം നാരായണൻ തൻ്റെ കാര്യങ്ങളൊക്കെ കണ്ടപിടിക്കുകയും തെളിവ് തന്റെ കയ്യിൽ ഉണ്ടെന്ന് പറയുകയും പോലീസ് സ്റ്റേഷനിലേക്ക് വരികയും ചെയ്തിരുന്നു അന്ന് അയാൾ പെട്ടതാണെന്നും കൊലപെടുത്തി തെളിവുകൾ നശിപ്പിക്കും എന്നും കരുതിയപ്പോൾ നാരായണൻ ഒരുക്കിയ കെണിയിലേക്കാണ് താൻ കാൽ എടുത്ത് വെക്കുന്നത് എന്ന് അറിഞ്ഞിരുന്നില്ല

അതുമാലോചിച്ചു ഇരുന്നപ്പോഴേക്കും പോലീസ് സ്റ്റേഷൻ എത്തിയിരുന്നു.

രക്ഷപെടാം എന്ന പ്രതീക്ഷയുടെ നാമ്പുകൾ എല്ലാം വറ്റിവരണ്ടു കുറ്റബോധത്തിൽ അയാളുടെ തല കുനിഞ്ഞു പോയിരുന്നു.ഇനിയും ഒരു അവസരം തന്നാൽ നന്നായിക്കോളാം എന്ന മനസ്സുമായി അയാൾ സ്റ്റേഷൻ വരാന്തയിലേക്ക് കാൽ എടുത്ത് വെച്ചു. തികച്ചും ഒരു കൊലയാളിയായതുകൊണ്ട് മാത്രം..



# കൊഴിഞ്ഞ് പോയവ

Meera Vinod
X C

എത്രയെത്ര ദിവസങ്ങളും, രാത്രികളും,പകലുകളും കടന്ന് പോയി. പലതും മാറിമറിഞ്ഞു അതുപോലെ ജീവിതവും. പക്ഷെ എന്തൊക്കെ മാറിയെങ്കിലും ഓർമ്മകൾ ഒരിക്കലും മാറുകയില്ലല്ലോ ഇന്ന് ഇപ്പോഴും സമയങ്ങളും, കാലങ്ങളും കൊഴിയുന്നു. " എല്ലാവരും ഉണ്ടായിരുന്നപ്പോൾ സമയം പോകുന്നത് അറിഞ്ഞിരുന്നില്ല.പക്ഷെ എന്നിൽ നിന്ന് ഇവയൊക്കെ അകന്നപ്പോഴാണ്. എല്ലാത്തിന്റെ വില അറിയുന്നത്,മോളേ എഴുന്നേൽക്ക് സ്കൂളിൽ പോകേണ്ടേ,, എന്താ നിള പഠിച്ചില്ലേ,, എടി നി നാളെ എന്റെ വീട്ടിൽ വരുന്നോ,ഈ ചോദ്യങ്ങളൊക്കെ അവസാനിച്ചു ഇനി തിരിച്ചു കിട്ടുമോ എന്ന് അറിയാത്ത ചോദ്യങ്ങൾ പണ്ട് കൂട്ടുകാരുമൊത്ത് ക്ലാസ്സ് കട്ട് ചെയ്ത് കറങ്ങാൻ പോയതും വൈകുന്നേരം ക്ലാസ്സ് കഴിഞ്ഞ് തിരക്ക് പിടിച്ച ബസിൽ കയറി പോകുന്നതും ഇന്നുംഞാൻ ഓർക്കുന്നു.വീണ്ടും എനിക്ക് ആ ഓർമ്മകളിലോക്ക് പോകാൻ കഴിയഞ്ഞെങ്കിൽ കഴിഞ്ഞ ദിവസം ഞാൻ എന്റെ സ്കൂളിലേക്ക് പോയി. ഞാൻ ഓടിക്കളിച്ച മുറ്റം,നിറയെ തല്ലുകളും ശകാരങ്ങളും മേടിച്ച ആ വിദ്യാലയത്തിന് യാതൊരു മാറ്റവും വന്നിട്ടില്ല. കുറെ ഓർമ്മകൾ എന്റെ ഉള്ളിൽ വന്നുവെങ്കിലും ആ ഓർമ്മകൾ വീണ്ടും അനുഭവിക്കാൻ എനിക്ക് കഴിയില്ലല്ലോ അത് ഓർക്കുമ്പോൾ ഉള്ളിൽ ഒരു വിഷമമാണ് ചില ഓർമ്മകൾ എന്റെ ഉള്ളം നീറ്റുന്നതാണ്. ഇത്രയും വാക്കുകൾ എഴുതി അവൾ നിള ആ ഡയറി മടക്കി വച്ചു. ഇന്ന് അവൾക്ക് വളരെ പ്രധാനപ്പെട്ട ദിവസമാണ് കൊഴിഞ്ഞ് പോയ ഓർമ്മകൾ അവൾ അവളുടെ ഡയറിയിൽ പകർത്തി അത് ലോകത്തിന് കാണിച്ച് കൊടുക്കാൻ പോകുന്നു.കഥയുടെ ലോകത്തേയ്ക്ക് അവൾ ഇന്ന് കാലെടുത്തു വെക്കുന്നു. ദിവസങ്ങൾ വീണ്ടും കടന്ന് പോയി. പുതിയ എഴുത്തുകാർക്ക് വേണ്ടി ഉണ്ടായിരുന്ന മത്സരത്തിൽ അവൾ വിജയിച്ചിരിക്കുന്നു. പിന്നിട് അവളുടെ ജീവതം എഴുത്തിന്റെ ലോകത്തേക്ക് മാത്രാമായി. പ്രശസ്തയായ എഴുത്തുകാരി നിള വിശ്വം ആയി അവൾ അറിയപ്പെടുന്നു.

# കാത്തിരിപ്പ്

M.J.Harimadhav
7 B

"മോനെ രാമു ഇന്നു ഞായറാഴ്ചയല്ലേ ക്ഷേത്രത്തിൽ പോയിട്ട് അവിടുന്നു നിന്നെ ഞാൻ മുത്തശ്ശൻ്റെയും മുത്തശിയുടെയും വീട്ടിൽ വിടാം" മുത്തശ്ശി വാതിൽ തുറന്നു ഇറങ്ങിവന്നു "ആ എൻ്റെ മോൻ വന്നോ" "മുത്തശ്ശനെവിടെ" മുത്തശ്ശൻ ഇറങ്ങിവന്നു "മുത്തശ്ശൻ കാലത്തെ എങ്ങോട്ടാ " പറമ്പിൽ അടക്ക പെറുക്കണം" "ഞാനും വരാം" മുത്തശ്ശന്റെ കൂടെ രാമു അടക്ക പെറുക്കുകയായിരുന്നു " മുത്തശ്ശാ നമ്മുടെ കിങ്ങിണി പശു എവിടെയാ" " അവളെ പറമ്പിൽ പുല്ലു തീറ്റാൻ മുത്തശ്ശി കൊണ്ട് പോയിരിക്കുകയാ" പിന്നീട് മുത്തശ്ശന്റെയും മുത്തശ്ശിയുടെയും കൂടെ സംസാരിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ രാമു പറഞ്ഞു " നമുക്ക് മാളുവിനെയും കിച്ചു ചേട്ടനെയും വിളിച്ചാലോ"മാളുവും കിച്ചു ചേട്ടനും വരുന്ന വഴി രാമുവിന്റെ അനുജത്തിയേയും കൂട്ടി. അവരിവിടെ എത്തിയപ്പോൾ രാമുവിന് സന്തോഷമായി. പിന്നെ രാമു അവരുടെ കൂടെ സാറ്റ് കളിയും പന്ത് കളിയും കളിച്ചു അതുകണ്ട് മുത്തശ്ശി" ഓ ഇനിയും അടുത്ത ഞായറാഴ്ച വരെ കാത്തിരിക്കണ ല്ലേ. എൻ്റെ മക്കളെ കാണാൻ. പണ്ട് എന്തു രസമായിരുന്നു. പിന്നീട് ഓരോരുത്തരും ഓരോ വഴിയിൽ. എന്നാലും 3 മൈയിൽ ദൂരം നിന്ന് എന്നെ കാണാൻ എന്റെ മക്കളെത്തുന്നുണ്ടല്ലോ അതുമതി എനിക്ക് " "എൻറെ പരമേശ്വര എൻറെ മക്കളെ കാത്തോണേ" പിന്നെ രാമുവും ബാക്കിയുള്ളവരും സന്ധ്യയായതോടെ യാത്രയായി അവരെ നോക്കി മുത്തശി വരാന്തയിൽ നിറഞ്ഞ കണ്ണുകളോടെ നിന്നു.

# YOUR BEST

Anjana S Nair
9C



If you always try your best
Then you'|| never have to wonder
About what you could have done
If you 'd summoned all your thunder

And if you best
Was not as good
As you haped it would be'
You still could say'
``I gave today
All that i had in me"

From "Suzie Bitner was
Afraid of the drain"
By Barbara Vance

# Poem Of Nature

Avani A G
VIII D

Nature is so good
And don't make us rude
It gives us everything
And give us shade to
Reduce heat

It is so green
With trillions of trees
So it is our duty
to protect the nature
And to stop themelting glories.



# A Promise

Akhila Saji
IX C

The moon
Peeping through the clouds
Trying to steel a glance
Of its million spectators
Promising them with his serene gate
To always illuminate their lonely nights
With his dattling light !

# Mother Teresa



Ishal Sajeev
9C

Mother Teresa was a gseat and incredible women. She was the only women who Shawn this world a true Religion of humanity. She was born on 26th August 1910 in yagoslasia hair real name was"Agnes Grnxha Bioaxhich she is also popularly known as saint Teresa of Calcutta and sain of guttors the age of 18 decided to be a nun she then left name for good to enroll her self and the institt of the blessed Mary virgin in Ireland she came to India in 1929.Teresa founded the missionise of chasity in 1950 she spend a many years of her life in Kolkata working for the poor poor, sick neatly and normal people she fail she was fail of love


# ഭ്രാന്തമായ ഒരു തിരിച്ചറിവ്

Chinmayikrishna
IX B

പതിവ് പോലെ ഉറക്കമുണർന്ന് വീണ്ടും പുതപ്പിനുള്ളിലേക്ക് ഒതുങ്ങിക്കൂടാനുള്ള തയ്യാറെടുപ്പിലായിരുന്നു ഞാൻ. അപ്പോഴാണ് അമ്മ റൂമിലേക്ക് വന്നത്. പക്ഷെ പതിവിൽ നിന്നും ഒരു വ്യത്യാസം. അമ്മയുടെ ചുറ്റിലും ഒരു പ്രകാശ വലയം. സ്വപ്ന മണെന്ന തെറ്റിധാരണയിൽ ഞാൻ കണ്ണുതിരുമ്മി ഏയ്... സ്വപ്നമല്ല. എന്നാലും ഇതെന്താ ഇങ്ങനെ? ചെവിയിലേക്ക് കാലുനീട്ടി ഇരുന്ന എൻ്റെ പുത്തൻ കണ്ണാടിയെ ഒന്ന് തലോടി സുഖിപ്പിച്ച് തിരിച്ചിരുത്തി. പ്രത്യേകിച്ച് മാറ്റം ഒന്നും ഇല്ലല്ലോ എന്ന അന്ധാളിപ്പിൽ ഒരു നിമിഷം ഞാൻ എന്റെ കണ്ണടിച്ച് പോയോ...! എന്ന് വരെ ആലോചിച്ചു. ഫിലോസഫിയിലും ഗവേഷണങ്ങളിലും ഭ്രാന്ത് മൂത്തിരുന്ന കാലമായത് കൊണ്ട് തന്നെ ഈയിടെയായി എൻ്റെ കണ്ണിന് ഒരു കണ്ണാടി കൂടെ കൂട്ട് കിട്ടിയിരുന്നു. അവശേഷിച്ച കാഴ്ച കൂടി നഷ്ടപ്പെട്ടോ എന്ന വെപ്രാളത്തിൽ എൻ്റെ ഉണ്ടക്കണ്ണുകളെ ഞാൻ തലങ്ങും വിലങ്ങും പരിശോധിച്ചു. ഉറക്കം എണീറ്റ് ഉടനെ ഉള്ള എൻ്റെ വെപ്രാളവും, ഇടയ്ക്കിടെ ഉള്ള കണ്ണ് മിഴിച്ചുള്ള നോട്ടവും
കണ്ടിട്ടാവണം. "ഈയെടെ യായി നിനക്ക് പഠിത്തം കൂടീട്ടാണോടീ വട്ടും തുടങ്ങിയോ എന്ന പുതിയ പല്ലവിയും ഉണർത്തി എന്തൊക്കെയോ പിറുപിറുത്ത് അമ്മ പൂന്തോട്ടത്തിലേക്കു ചുവടു വച്ചു. എങ്കിലും എന്താ സംഭവിക്കുന്നത് എന്ന് മനസിലാവാത്ത ഞാൻ എന്റെ കൗതുകത്തേയും,ഗവേഷണ ബുദ്ധിയേയും കൂട്ട് പിടിച്ച് കാര്യങ്ങളുടെ കിടപ്പ് വശം അറിയാനെന്ന വണ്ണം പുറത്തേക്ക് ഇറങ്ങി. അമ്മയ്ക്ക് മാത്രമല്ലാ മൊത്തത്തിൽ എന്തോ ഒരു മാറ്റം എനിക്ക് അനുഭവപ്പെട്ടു. ചിലയിടങ്ങളിൽ പ്രകാശ വലയങ്ങളും ചിലയിടങ്ങളിൽ കറുത്ത നിഴലുകളും കണ്ടു തുടങ്ങി. വിചിത്രമായ ഈ കാഴ്ചകൾ ആദ്യം എന്നെ ഇത്തിരി ഭയപ്പെടുത്തിയെങ്കിലും, ചോർന്ന് പോയ ധൈര്യം എവിടുന്നോക്കെയോ കോരിയെടുത്ത് ഞാൻ മുന്നോട്ട് നടന്നു. ലോകത്തിന്റെ ഇത്രയും വിചിത്രമായൊരു താളിനെ ഞാൻ അന്ന് ആദ്യമായി നേരിട്ടു. പതിയെ ഞാൻ മനസ്സിലാക്കി. ചെറുപ്പം മുതൽ എന്റെ ഉള്ളിലേക്ക് കയ്പേറിയ രൂചിക്കൂട്ടുകൾ കുത്തി നിറച്ച ഇടവഴികളിലായിരുന്നു ആ കറുത്ത നിഴലുകൾ ഉണ്ടായിരുന്നത്. ഞാനേറേ മറക്കാനാഗ്രഹിച്ച ആ കറുത്ത കരങ്ങൾ അന്ന് ഒരിക്കൽ കൂടി എന്റെ മനസ്സിലേക്ക് തള്ളിക്കയറി. അവയെ നേരിടാനാകാതെ ഞാനോടി ഒളിച്ചു. ആ ഇടനാഴിയിലൂടെ വെളിച്ചം തേടി ഞാൻ അലഞ്ഞു. ആ ഓട്ടത്തിനിടയിലാണ് പരിചിതമായ ഒരു മുഖം മുന്നിലൂടെ മിന്നിമാഞ്ഞു. ഏയ്... ഫെലിക്സ് നീ എന്താ ഇവിടെ? ഞാൻ കണ്ടെന്നറിഞ്ഞപ്പോൾ അവൻ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. ഞാനവനെ പിടിച്ച് നിർത്തി. എന്നാൽ അവനും ഒരു കറുത്ത നിഴലായിരുന്നു. അവൻ അവിടെ നിന്നും അപ്രത്യക്ഷനായി. ഞാൻ തരിച്ചിരുന്നു. അപ്പോഴായിരുന്നു ആ ദിവസത്തിന്റെ പ്രത്യേകത ഞാൻ മനസ്സിലാക്കിയത്. ചുറ്റും പ്രകാശ വലയങ്ങൾ ഉള്ളവർ നന്മയുടെ പ്രതിരൂപങ്ങളും, കറുത്ത രൂപങ്ങൾ തിന്മയുടെ പ്രതിരൂപങ്ങളും ആയിരുന്നു. എങ്കിലും ഫെലിക്സ് അവനെങ്ങനെ ഇന്നലെ വരെ കൂടെ ചേർത്ത് പിടിച്ചവൻ ആയിരുന്നു അവൻ. അവന്റെ ഇങ്ങനൊരു രൂപം സ്വീകാര്യമല്ലാത്തതായിരുന്നു. കൂടെ ചേർത്ത് പിടിച്ചവരുടെ ഉള്ളിലെ വിഷം തുപ്പുന്ന വ്യാളിയെ തിരിച്ചറിയുന്നത് പലപ്പോഴും ഒരു ഭയാനകരമായ അവസ്ഥ ആണ്. ചതിയും, വഞ്ചനയും ഉണങ്ങാത്ത മുറിവുകളാണ് ചില വാക്കുകളും, നോട്ടങ്ങളും അതിലേക്ക് ഉപ്പ് പുരട്ടുന്നവയും ആണ്. തിരികെ വീട്ടിലേക്കുള്ള വഴിയിലൂടെ നടന്നപ്പോൾ പല ചിന്തകൾ മനസ്സിൽ കയറിക്കൂടിയിരുന്നു. വിശ്വസിച്ച് കൂടെക്കൂട്ടിയ ഓരോ മുഖങ്ങളും വിപരീത ഫലങ്ങൾ കാണിക്കുന്നത് മനസിലാക്കാൻ പലപ്പോഴും ഇത്തരമൊരു ഭ്രാന്തിലൂടെ കടന്നു പോകേണ്ടിവരും. കാരണം എല്ലാവരും നന്മയെന്ന മുഖം മൂടിയുടെ പിൻബലത്തിൽ ആണ് കടിച്ചുതൂങ്ങി നില്ക്കുന്നത്. ആ പൊയ്മുഖം മറച്ച മുഖം എത്രത്തോളം വികൃതമാണെന്ന് മനസിലാക്കാൻ പലപ്പോഴും നാം വൈകിപ്പോവാറുമുണ്ട്. സത്യത്തിൽ സ്നേഹം, സത്യം, പ്രണയം.... ഇവയെല്ലാം ഇക്കാലത്ത് വെറുമൊരു പ്രഹസനം മാത്രമാണ്. എന്നാൽ പലപ്പോഴും അത് മനസിലാക്കി കഴിയുമ്പോ പായലുപോലെ പറ്റിപ്പിടിച്ച ബന്ധങ്ങളെ വേരോടെ പിഴുതെറിയാൻ കഴിഞ്ഞെന്ന് വരില്ല, കാരണം അതത്രയും കഠിനമാണ്. അങ്ങെനെയൊരുപിടി യാഥാർത്ഥ്യങ്ങളെ വാരിയെടുത്ത് ഞാനാ വിചിത്രമായ ദിവസത്തിൽ പതിയെ ആ ഇടവഴികളിലേക്ക് ഒരു വട്ടം കൂടി ചുവടുവച്ചു. ചിലതൊക്കെ തിരുത്തികുറിയ്ക്കാനും, ചിലതൊക്കെ മായ്ച്ച് കളയാനുമായി ഞാൻ തയ്യാറെടുത്തു.

# ഏകാന്തതയുടെ തുരുത്തിൽ

Aleena alphonsa joji
IX B



**പ**തിവുപോലെ ഞാൻ സ്കൂളിലെത്തി വളരെയധികം സന്തോഷകരമായ ആ വാർത്ത ടീച്ചർ ഞങ്ങളോട് പറഞ്ഞു ലോകവെമ്പാടും കൊറോണ എന്ന മഹാമാരി വ്യാപിച്ചിരിക്കുന്നു അതിനാൽ സ്കൂളുകളും മറ്റു പൊതു സ്ഥാപനങ്ങളും താൽക്കാലികമായി അടച്ചിട്ടിരിക്കുന്നു എന്നും വാർഷിക പരീക്ഷകൾ ഉണ്ടായിരിക്കില്ല എന്നും പറഞ്ഞു. അതുകേട്ട് വളരെ സന്തോഷത്തോടെ ഞാൻ വീട്ടിലെത്തി അമ്മയോട് അച്ഛനോടും ഇക്കാര്യം പറയാൻ ഞാൻ ചെന്നപ്പോൾ അവർ ടിവിയിൽ ന്യൂസ് കാണുകയായിരുന്നു. ഞാനും അത് ശ്രദ്ധിച്ചു നാടകെ കൊറോണ എന്ന മഹാമാരി വ്യാപിക്കുകയാണെന്നും അതിനാൽ അനേകം ജനങ്ങൾ ഓരോ നിമിഷവും മരിക്കുകയാണെന്നും, സ്കൂളുകളും മറ്റു പൊതുസ്ഥാപനങ്ങളും അടക്കുകയാണെന്നും ഇനി അറിയിപ്പ് ലഭിക്കുന്നത് വരെ ആളുകൾ വീടുകളിൽ നിന്നും പുറത്തിറങ്ങരുത് എന്നും  പറഞ്ഞത് കേട്ട് അതുവരെ ഉണ്ടായിരുന്ന സന്തോഷം എനിക്ക് നഷ്ടപ്പെട്ടു. രണ്ടുമൂന്നു ദിവസം കുഴപ്പമില്ലാതെ പോയി എന്നാൽ പിന്നീടുള്ള ദിവസങ്ങൾ എനിക്ക് ദുഃഖകരമായി മാറി ഇനിയെന്ത് ചെയ്യുമെന്ന് അറിയാതെ കൂട്ടുകാരെ കാണാൻ പറ്റുകയില്ലെന്ന് ഓർത്ത് ഞാൻ സങ്കടപ്പെടാൻ തുടങ്ങി. രണ്ടു മാസങ്ങൾക്ക് ശേഷം ഞാൻ സ്കൂളിൽ പോകാല്ലോ എന്ന് വിചാരിച്ച് സന്തോഷവതിയായി ഇരിക്കുകയായിരുന്നു. അപ്പോഴാണ് അച്ഛനും അമ്മയും എനിക്ക് പുതിയ ടച്ച് ഫോൺ വാങ്ങി തന്നത്. കൗതുകത്തോടെ ഞാൻ അച്ഛനോട് അമ്മയോടും ചോദിച്ചു എനിക്ക് എന്തിനാണിത് ആരെയെങ്കിലും വിളിക്കണമെങ്കിൽ ഞാൻ അച്ഛന്റെയും അമ്മയുടെയും ഫോണിൽ നിന്നും വിളിക്കാമല്ലോ എന്ന്  ചോദിച്ചു. അതേസമയം അച്ഛൻ എന്നോട് പറഞ്ഞു ഇനി നീ ഫോണിൽ വേണം ക്ലാസുകൾ കൂടാൻ എന്ന്. ഞാൻ വളരെയധികം വിസ്മയിച്ചു പോയി. ഫോണിൽ എങ്ങനെ ക്ലാസുകൾ കൂടണമെന്ന് ഫോൺ എങ്ങനെ ഉപയോഗിക്കണം എന്ന് അച്ഛൻ എന്നെ പഠിപ്പിച്ചു. ആദ്യമെല്ലാം ക്ലാസുകൾ മാത്രം കൂടി പിന്നീട് യൂട്യൂബ് ഫേസ്ബുക്ക് instagram എന്നിങ്ങനെ എല്ലാം ഞാൻ ഉപയോഗിക്കാൻ തുടങ്ങി പിന്നീട് പഠനവുമില്ല ഒന്നുമില്ല എന്നാൽ ആകട്ടെ ഏതു നേരവും മൊബൈലിൽ തോണ്ടി കൊണ്ടിരിക്കുകയാണ്. അത് കണ്ട് അച്ഛനും അമ്മയും  എന്നെ വഴക്ക് പറഞ്ഞു. പക്ഷേ എനിക്ക് വലിയ മാറ്റമൊന്നും വന്നില്ല. അങ്ങനെ ഞാൻ പഠിത്തത്തിൽ ഏറ്റവും പിന്നിലായി ടീച്ചർമാർ എല്ലാം അച്ഛനെയും അമ്മയെയും വിളിച്ചു എനിക്ക് എന്ത് പറ്റി എന്ന് അന്വേഷിച്ചു. അവരെല്ലാ കാര്യവും ടീച്ചർമാരോട് പറഞ്ഞു അങ്ങനെ കുറച്ചുനാളത്തേക്ക് എന്റെ കയ്യിൽ നിന്നും മൊബൈൽ വാങ്ങിച്ചു വെച്ചു. പക്ഷേ ഞാൻ പഴയതുപോലെ ആയിരുന്നില്ല എല്ലാവരോടും ദേഷ്യവും വെറുപ്പും ആരോടും മിണ്ടുകയും ഒന്നുമില്ലായിരുന്നു അങ്ങനെ ഞാനൊരു വിഷാദ രോഗിയായി മാറി പക്ഷേ പണ്ട് വളരെയധികം ഉത്സാഹിയും നല്ലതുപോലെ പഠിക്കുന്ന കുട്ടിയും ആയിരുന്നു ഞാൻ. എന്നാൽ ഇപ്പോൾ നേരെ വിപരീതമായി ആണ്  ഞാൻ പെരുമാറുന്നത്. അങ്ങനെ കുറെ നാളത്തെ എന്റെ അച്ഛന്റെയും അമ്മയുടെയും പരിശ്രമത്തിൻ ഒടുവിൽ ഞാൻ പഴയ ജീവിതത്തിലേക്ക് മടങ്ങി വന്നു. അപ്പോൾ ഞാൻ തിരിച്ചറിഞ്ഞു കൊറോണ മനുഷ്യരുടെ ജീവൻ മാത്രമല്ല ജീവിതവും കൂടിയാണ് മാറ്റിമറിച്ചത്.എന്റെ അച്ഛന്റെയും അമ്മയുടെയും സ്നേഹത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി ഞാൻ എന്റെ പഴയ ജീവിതത്തിലേക്ക് മടങ്ങി വന്നു. എന്നാൽ ഇപ്പോഴും ഫോണിൽ അഡിക്റ്റായി കിടക്കുന്ന എത്രയോ ആളുകൾ ഉണ്ടെന്നു ഞാൻ മനസ്സിലാക്കി പിന്നീട് ഞാൻ കാണുന്ന ലോകം ഞാൻ കണ്ട ലോകമല്ലായിരുന്നു കൊറോണ എന്ന മഹാമാരി ഒന്ന് ശമിച്ച സമയത്ത് എന്റെ സ്കൂൾ തുറന്നു. ആ സമയം ഞാൻ സ്കൂളിലേക്ക് പോകുമ്പോൾ എന്നെ കടന്നു പോകുന്ന ആളുകളുടെ കയ്യിൽ എല്ലാം ടച്ച് മൊബൈൽ ഉണ്ടായിരുന്നു അവരെല്ലാം അവരുടെ രണ്ട് കണ്ണുകളും അതിൽ പ്രതിഷ്ഠിച്ച് ചുറ്റുമുള്ളതൊന്നും അറിയാതെ മറ്റൊരു ലോകത്താണ. ഇവയെല്ലാം കണ്ട് വിശ്വസിക്കാനാവാതെ അവരുടെ അവസ്ഥ ഓർത്ത് ഏറെ സങ്കടത്തോടെ ഞാൻ സ്കൂളിലേക്ക് പോയി.

# വിരഹത്തെ മറികടന്നവൾ

Christeena
IXB

സ്നേഹ തന്റെ സ്വപ്നങ്ങളെ അകറ്റി കൊണ്ടിരിക്കുന്നു. അവ തനിക്ക് വേണ്ട എന്ന നിലയിലായിരുന്നവൾ അങ്ങനെ മറ്റു വിചാരങ്ങളിൽ നിന്നും സ്വപ്നങ്ങളിൽ നിന്ന് ഓടി ഒളിക്കാൻ അവൾ കിടക്കയിൽ നിന്ന് എഴുന്നേറ്റു. തന്റെ സങ്കടങ്ങൾ അവൾ ആരോടെങ്കിലും പറയണമെന്ന് ആഗ്രഹിച്ചു. പക്ഷേ എങ്ങനെ എങ്കിലും അവൾ ക്രൂശിതരൂപത്തിനും മുന്നിൽ നിന്ന് കരഞ്ഞു. ഒരുപാട് കരഞ്ഞു. ഹൃദയം നുറുങ്ങി വേദനിക്കുന്നുണ്ടായിരുന്നു. എന്നാൽ അവൾ അമ്മ കാണാതെയായിരുന്നു പൊട്ടിക്കരഞ്ഞു. പക്ഷേ സ്നേഹയുടെ അമ്മയ്ക്ക് അവളിൽ പലവട്ടമായി സംശയം തോന്നിയിരുന്നു. സ്നേഹയും അമ്മയും മാത്രമായിരുന്നു വീട്ടിൽ ഉണ്ടായിരുന്നത്. അച്ഛൻ ഗൾഫിലും ആയിരുന്നു അമ്മ ഇവളിൽ സംശയം തോന്നാൻ തന്നെ കാരണം നന്നായി പഠിച്ചിരുന്ന കുട്ടിയായിരുന്നു സ്നേഹ. ക്ലാസ്സിൽ എപ്പോഴും ഫസ്റ്റ്. പക്ഷേ ഈ പ്രാവശ്യത്തെ പരീക്ഷക്കൊന്നും അവൾക്ക് മാർക്ക് തീരെ കുറവായിരുന്നു. എപ്പോഴും ഫോൺ നോക്കി കൊണ്ടിരിക്കും പഠിത്തത്തിലേക്ക് ഒരു ശ്രദ്ധയും അവൾ കാണിച്ചില്ല. ആ ഫോൺ മേടിച്ചു കൊടുത്തതു തന്നെ ഒരേയൊരു മകൾ ആയതുകൊണ്ടും അവളുടെ ആവശ്യ പ്രകാരവുമായിരുന്നു. അത്രയും സ്നേഹിച്ചും കൊഞ്ചിച്ചുമായിരുന്നു സ്നേഹയെ അവളുടെ മാതാപിതാക്കൾ വളർത്തിയത്. പക്ഷേ സ്മാർട്ട് ഫോണിന്റെ നിരന്തരമായ ഉപയോഗം അവളിൽ കൂടികൊണ്ടിരുന്നു.അങ്ങനെ ഓരോ ടീച്ചേർസും സ്നേഹയുടെ കാര്യം അറിയാൻ അവളുടെ അമ്മയെ വിളിച്ചുകൊണ്ടിരുന്നു അങ്ങനെ ആ അമ്മയുടെ ഉള്ളിൽ തന്റെ മകൾ അപകടത്തിൽ പെട്ടിരുന്നു എന്ന് മനസ്സിലായി. അവളോട് അമ്മ പലതവണ ചോദിച്ചിരുന്നുവെങ്കിലും അമ്മയെ മാറ്റിനിർത്തുക മാത്രമായിരുന്നു സ്നേഹ ചെയ്തത്.ഇപ്പോൾ സ്നേഹയുടെ സ്മാർട്ട്ഫോണിൽ ഇൻസ്റ്റഗ്രാം എന്ന ആപ്പിൽ സുരാജ് എന്നയാളുടെ വലയിൽ പെട്ടിരിക്കുകയാണ്. അവിടെ നിന്ന് പലതവണ ഊരി പോകാൻ ശ്രമിച്ചെങ്കിലും സുരാജ് തന്റെ വലകൾ കൂടുതൽ ശക്തമാക്കി കൊണ്ടിരുന്നു. അങ്ങനെ അവൾ ആ വലയിൽ പൂർണ്ണമായി കുടുങ്ങിപ്പോയി അമ്മയോട് പറയാൻ സ്നേഹ പലവട്ടം ശ്രമിച്ചെങ്കിലും സാധിച്ചില്ല.അവൾ അതെല്ലാം തന്റെ ക്രൂശിത രൂപത്തോട് പറഞ്ഞ് സ്കൂളിലേക്ക് യാത്രയായി. ആ പ്രാർത്ഥനയിൽ ഇതും കൂടി ചേർത്തു തനിക്ക് സങ്കടങ്ങൾ പറയാൻ സാധിക്കുന്ന ഒരു വ്യക്തിയെ കിട്ടണം എന്ന് പ്രാർത്ഥിച്ചു അങ്ങനെ അവൾ സ്കൂളിൽ എത്തി. സ്കൂളിൽ എത്തിയപ്പോഴും അവൾ കൂട്ടുകാരോട് സംസാരിക്കാനോ കളിക്കാനോ പോയില്ല. അവൾ ഡെസ്കിൽ തന്നെ തല വെച്ചിക്കിടന്നു. അപ്പോഴാണ് ടീച്ചർ കയറി വന്നിട്ട് പറഞ്ഞത് ഇന്ന് നമ്മുടെ ക്ലാസിലേക്ക് ഒരു കൗൺസിലർ വരുന്നുണ്ട് നിങ്ങളുടെ ഓരോരുത്തരെയും സങ്കടങ്ങളും വിഷമങ്ങളും എല്ലാം കേൾക്കാനാണ് ഇന്ന് കൗൺസിലർ വരുന്നത് നിങ്ങൾ എന്തു വേണമെങ്കിലും കൗൺസിലറോട് പറയാം. ഇത് പറഞ്ഞപ്പോൾ സ്നേഹയുടെ ഉള്ളിൽ ഒരു പ്രകാശം പരന്നതായി അവൾക്ക് തോന്നി സ്നേഹ ഓർത്ത് ഞാൻ എന്റെ ഈശ്വരനോട് പ്രാർത്ഥിച്ചത് വെറുതെയായില്ല അങ്ങനെ ക്ലാസിലേക്ക് കൗൺസിലർ കടന്നുവന്നു. കൗൺസിലർ ക്ലാസിലേക്ക് കയറി വന്നപ്പോൾ മാലാഖയുടെ ചൈതന്യം തീക്ഷണതയുമുള്ള ഒരു സ്ത്രീ കടന്നുവന്നത് പോലെയായിരുന്നു.അതുപോലെതന്നെയായിരുന്നു. അവളുടെ പേര് എയ്ഞ്ചൽ എന്നായിരുന്നു.എല്ലാ കുട്ടികളോടും നന്നായി ഇടപെടുന്നയാൾ അങ്ങനെ എല്ലാ കുട്ടികൾക്കും ക്ലാസുകൾ നൽകി. ശേഷം കൗൺസിലർ ഓരോ കുട്ടിയെ വീതം ഓരോ ക്ലാസ് മുറിയിലേക്ക് കൊണ്ടുപോയി അവരുടെ സങ്കടങ്ങൾ ഓരോന്നായി കേട്ടുഒപ്പം അതിനുള്ള പ്രതിവിധികളും പറഞ്ഞുകൊടുക്കും അങ്ങനെ സ്നേഹയുടെ ഊഴമെത്തി സ്നേഹ കൗൺസിലറിനെ കണ്ടപ്പോൾ തന്നെ പൊട്ടിക്കരഞ്ഞു കൗൺസിലർ സ്നേഹയുടെ കാര്യങ്ങളൊക്കെ തിരക്കി. അങ്ങനെ സ്നേഹ സുരാജിന്റെയും മൊബൈൽ ഉപയോഗത്തിന്റെയും കാര്യങ്ങളൊക്കെ പറഞ്ഞു പറഞ്ഞു കഴിഞ്ഞപ്പോൾ തന്നെ ഉള്ളിൽ നിന്ന് ഒരു ഭാരം ഇറക്കി വച്ചതിനെ തുല്യമായിരുന്നു അവൾക്ക്. ഇതൊക്കെ കേട്ടപ്പോൾ ഇത്രയും അധിക സങ്കടങ്ങൾ ഈ കൊച്ചു മനസ്സിലുണ്ടായിരുന്നു എന്ന് ഓർത്ത് കൗൺസിലർക്ക് സങ്കടം തോന്നി. അങ്ങനെ കൗൺസിലർ അവളുടെ പേരും നമ്പറുമെല്ലാം ചോദിച്ച് അവളെ പറഞ്ഞയച്ചു. കൗൺസിലർ ഈ കാര്യങ്ങൾ ടീച്ചറിനെ അറിയിച്ചു.

ടീച്ചർ തന്നെ സ്തംഭിച്ചു നിന്നു പോയി. ഇവൾ പഠനത്തിന് പിന്നിലാവാൻ കാരണം ഇതാണ് എന്ന് ഓർത്ത് ടീച്ചർ വളരെയധികം സങ്കടപ്പെട്ടു. മറ്റാരെയും അറിയിക്കാതെ സ്നേഹയുടെ അമ്മയെ ഫോൺ വിളിച്ചു. ഇതു കേട്ടതും അമ്മയുടെ ഉള്ള് വേദന കൊണ്ട് പുളഞ്ഞു. അങ്ങനെ സ്നേഹ വന്നപ്പോൾ അമ്മ കരയുന്നത് കണ്ട് അവൾ പേടിച്ചു. അമ്മ അവളെ കണ്ടതും ഓടിച്ചെന്ന് കെട്ടിപ്പിടിച്ചു കരഞ്ഞു . എന്നിട്ട് അവളോട് ചോദിച്ചു ;

മോൾ എന്താണ് അമ്മയോട് പറയാത്തത് അവൾ പറഞ്ഞു. എനിക്ക് അമ്മയോട് പറയേണ്ടത് എങ്ങനെ എന്ന് അറിയില്ല. പിന്നെ അമ്മ എന്നെ തല്ലുമോ എന്നോർത്ത് ഞാൻ പേടിച്ചു. അപ്പോഴേക്കും കൗൺസിലർ പോലീസിനെ വിളിച്ചിരുന്നു. കാര്യങ്ങൾ പറഞ്ഞു ഒപ്പം പുറത്ത് ഇത് ആരും  അറിയരുതെന്നും പറഞ്ഞു. ഒടുവിൽ പോലീസ് തിരച്ചിലിനിടയിൽ സുരാജ് എന്നയാളെ പിടികൂടി. അങ്ങനെ സുരാജിന്റെ ഫോൺ പരിശോധിച്ചപ്പോൾ മനസ്സിലായി സ്നേഹ മാത്രമല്ല, മറ്റു പെൺകുട്ടികളും ഇവന്റെ ചതിക്കുഴിയിൽ അകപ്പെട്ടു പോയതെന്ന സത്യം. ഒരു പെൺകുട്ടി പോലും ഇവന്റെ കാര്യം ആരോടും പറഞ്ഞിട്ടില്ലാത്തതുകൊണ്ടാണ് ഇവനെ പിടികൂടാൻ ഇത്ര താമസിച്ചത്. സ്നേഹയുടെ അമ്മ സ്നേഹയുടെ കയ്യിൽ നിന്ന് ഫോൺ വാങ്ങിക്കുകയും ഇനി അവൾക്ക് ഇത് കൊടുക്കില്ല എന്നും പറയുകയും ചെയ്തു. അങ്ങനെ നിരവധിയായ കൗൺസിലിങ്ങിലൂടെ സ്നേഹം വീണ്ടും പഴയ സ്നേഹയായി മാറി. നന്നായി പഠിക്കുവാനും തുടങ്ങി.സ്നേഹ നിരന്തരമായി പരിശ്രമങ്ങൾകൊണ്ട് സ്നേഹ കൗൺസിലർ ആയി മാറി. തന്നെ ജീവിതത്തിലേക്ക് നയിച്ച കൗൺസിലറെ പോലെ ഒരുപാട് പേരുടെ ജീവിതം സ്നേഹ  ഇപ്പോൾ പഴയതു പോലെ മാറ്റിക്കൊണ്ടിരിക്കുന്നു.

# അനാഥത്വത്തിനും ജീവിതത്തിനുമിടയിൽ

ടെൽഗ തെരേസ്
6B

**അ**വളുടെ വയർ പൂർണ്ണമായും മൂന്നു ദിവസങ്ങളായി വിശപ്പിന്റെ വിളിയറിയിച്ചു കൊണ്ടിരിക്കുകയാണ്. പലനിറങ്ങളുള്ള വർണ്ണക്കടലാസിൽ പൊതിഞ്ഞു നൽക്കുന്ന കുപ്പിവളകൾ... ആർക്കും വേണ്ടാത്തതിന്റെ അമർഷം അവളുടെ ഉള്ളിലുണ്ടായിരുന്നു. ഒരുപാട് ജനങ്ങളുടെ ആർപ്പുവിളികൾക്കിടയിൽ കുപ്പിവളകളും വിശന്നു വയറും ഒക്കെയായി അവൾ നടന്നു. പഠിക്കണം വലിയ ജോലി വാങ്ങണം ഇതായിരുന്നു അവളുടെ ആഗ്രഹം. എന്നാൽ ഒരുനേരത്തേക്കുള്ള ആഹാരത്തിനു വേണ്ടി അവൾ മറ്റുള്ളവരുടെ അടുത്ത് കെഞ്ചുകയായിരുന്നു. അങ്ങനെ യാഥാർത്ഥ്യബോധത്തിന്റെ സ്വപ്നലോകം വാങ്ങുന്നത് അവൾ അറിഞ്ഞു. മറ്റു കുട്ടികൾ അവരുടെ മാതാപിതാക്കളുടെ കൈപിടിച്ച് സന്തോഷത്തോടെ നടന്നു നീങ്ങുമ്പോൾ അവൾ വിശന്നു വയറും വെറുപ്പിന്റെ കുറെ അകറ്റി നിർത്തലുമെല്ലാം ആയി ജീവിച്ചു. അവരുടെ അരികിലൂടെ പോയവരെല്ലാം അവളെ വെറുപ്പിന്റെയും അറപ്പിന്റെയും എല്ലാം കണ്ണുകളിലൂടെ മാത്രം നോക്കി. വല്ലാതെ ക്ഷീണിച്ച് അവൾ ഒരു കടത്തിണ്ണയിലേക്ക് കയറി. കുപ്പിവളകളെല്ലാം തന്റെ കീറിയ സഞ്ചിയിലേക്കവളിട്ടു. തൽക്കാലം രാവിലെ വരെ കടത്തിണ്ണയിൽ കഴിച്ചു കൂട്ടാം എന്ന ധാരണയിൽ അവൾ കിടന്നു. മഴയാരോടോ  വാശി തീർക്കുന്നതുപോലെ പെയ്യുകൊണ്ടേയിരുന്നു അപ്പോഴും വണ്ടികൾ ഒരുപാട് പോകുന്നുണ്ടായിരുന്നു അവൾ അപ്പോഴേക്കും ക്ഷീണം കാരണം മയങ്ങിയിരുന്നു. അങ്ങനെ അനാഥത്വത്തിനും  ജീവിതത്തിനും ഇടയിൽ അവൾ മയങ്ങി കിടന്നു.

# കയ്യൊപ്പ്

Aswathi Nair
X D

**മോ**ളെ നീ സുഖമായിരിക്കുന്നു എന്ന് കരുതുന്നു. ഇനി അങ്ങനെയാണെങ്കിലും അല്ലെങ്കിലും അങ്ങനെ വിശ്വസിക്കാനാണ് അമ്മയ്ക്ക് ഇഷ്ടം ഇന്ന് എനിക്ക് പറയാൻ ഒരുപാട് വിശേഷങ്ങൾ ഒന്നും ഇല്ല. ഒന്ന് അനങ്ങാൻ പോലും കഴിയാതെ ഒരു മൂലയ്ക്ക് ഇരിക്കുന്ന എനിക്ക് അല്ലെങ്കിലും എന്താ വിശേഷം. എങ്കിലും നീ ഒരു കത്ത് കാത്തിരിക്കുന്നു എന്ന് എനിക്കറിയാം. അമ്മയ്ക്ക് ഇപ്പോൾ സ്വയം കത്ത് എഴുതാൻ ഒന്നു കഴിയുന്നില്ല അതുകൊണ്ട് അയലത്തെ വീട്ടിലെ അപ്പുവിനെ കൊണ്ടാണ് എഴുതിക്കുന്നത്. അതും അപ്പൻ കാണാതെ എഴുതുക എന്നത് വളരെ ബുദ്ധിമുട്ടാണ് എന്ന് നിനക്കറിയാലോ .നിന്നെ വിഷമിപ്പിക്കാൻ വേണ്ടി അല്ല ഞാൻ ഇത് പറയുന്നത് അമ്മയുടെ കത്തുകൾ എന്നും ഉണ്ടാകില്ല എന്ന് ഓർമ്മപ്പെടുത്താൻ വേണ്ടി മാത്രമാണ്. അമ്മയ്ക്ക് നിന്നെ കാണണമെന്ന് ആഗ്രഹമുണ്ട് എന്നാൽ നിന്നെ വീട്ടിലേക്ക് വിളിക്കാൻ അമ്മയ്ക്ക് ധൈര്യമില്ല. നിന്റെ അപ്പൻ ഒരു ക്രൂരനാണെന്ന് നീ ഒരിക്കലും കരുതരുത്. നീ ഇവിടെ നിന്ന് ഇറങ്ങിയപ്പോൾ തകർന്നതാണ് ആ മനുഷ്യൻ. ജീവനുതുല്യം സ്നേഹിച്ച മകൾ ഒരു ദിവസം അവരെ ഉപേക്ഷിച്ച് മറ്റൊരാളുടെ കൂടെ പോകുന്നത് ഏതൊരു അച്ഛനാണ് സഹിക്കാൻ കഴിയുന്നത്? ഇനിയും ആ മനുഷ്യനെ വേദനിപ്പിക്കാൻ എനിക്ക് കഴിയില്ല. ഒരിക്കൽ അച്ഛൻ തന്നെ നിന്നെ തിരിച്ചു വിളിക്കണം എന്നാണ് ഈ അമ്മയുടെ ആഗ്രഹം. എന്ന് നിന്റെ സ്വന്തം അമ്മ,ഒപ്പ്

ഇത്രയും വായിച്ചു കഴിഞ്ഞപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു. ഒരു നിമിഷം അവൾ പൊട്ടിക്കരഞ്ഞു. അമ്മ അയച്ച ഓരോ കത്തും അവൾ സൂക്ഷിച്ചു വെക്കുന്നുണ്ടായിരുന്നു.അവളുടെ വിഷമങ്ങൾക്കിടയിൽ ഒരല്പം ആശ്വാസം നൽകിയിരുന്നത് അമ്മയുടെ കത്തുകൾ ആയിരുന്നു. പിന്നീട് സൂക്ഷിച്ചുവെക്കാനോ വിഷമങ്ങൾക്ക് ആശ്വാസം നൽകാനോ വേറൊരു കത്തും ഉണ്ടായിട്ടില്ല. അമ്മയുടെ കത്തുകൾ ഓരോന്ന് വായിക്കുമ്പോഴും അവളുടെ മനസ്സ് അവൾ അന്ന് കൗതുക ത്തിന്റെ പേരിൽ അച്ഛന്റെയും അമ്മയുടെയും വാക്കുകൾ കേൾക്കാതെ കരച്ചിൽ കേൾക്കാതെ മറ്റൊരാൾ വിളിച്ചപ്പോൾ വീടുവിട്ട് ഇറങ്ങിയ ആ ദിവസത്തെ ഓർമ്മകളിലേക്ക് മടങ്ങി പോയിക്കൊണ്ടിരുന്നു. ഇപ്പോൾ അതെല്ലാം എന്തിനായിരുന്നു എന്ന് അവൾക്ക് തോന്നുന്നുണ്ട്. ആ കൗതുകങ്ങളെല്ലാം ഒരാഴ്ചത്തേക്ക് മാത്രമാണ് ഉണ്ടായിരുന്നത് .സ്വന്തം വീടുവിട്ടിറങ്ങിയശേഷം നല്ല ഭക്ഷണമോ നല്ല വസ്ത്രങ്ങളോ നല്ല കാഴ്ചകളും അവൾ കണ്ടില്ല. കുറെ കരിഞ്ഞുണങ്ങിയ ഓർമ്മകൾ മാത്രം. ഓർത്തു വെക്കാനോ എന്തിന് വീടുവിട്ടിറങ്ങി അപ്പ എന്ന് പറയാനോ അവൾക്ക് ഒന്നും തന്നെയില്ല. അമ്മ ജീവിച്ചിരിക്കുന്നു എന്ന് അറിയിക്കുന്ന കത്തിന് വേണ്ടി മാത്രമാണ് അവൾ ജീവിച്ചത്. ഇപ്പോൾ അതും അവസാനിച്ചു. അവൾ ഇന്ന് ജീവിതത്തെ ഏറെ വെറുക്കുന്നു. വീട്ടിലേക്ക് കയറി ചെല്ലണമെന്ന് അവൾക്ക് ആഗ്രഹമുണ്ട് .എന്നാൽ അപ്പനും അമ്മയും താൻ കാരണം തലകുനിക്കേണ്ടി വന്ന ദിവസത്തെ കുറിച്ച് ഓർക്കുമ്പോൾ അവൾക്ക് അതിനു മാപ്പ് പറയാൻ പോലും ധൈര്യമുണ്ടായില്ല. ഇനിയും ഇവിടെ നിന്നാൽ താൻ ഒരു ഭ്രാന്തി ആകും എന്നും മനസ്സിലാക്കി അവൾ അവളുടെ അമ്മയുടെ അടുത്തേക്ക് പോയി.



# അറിയുന്നുവോ

Meera Vinod
XC

” നിങ്ങൾ ബാഗ് പായ്ക്ക് ചെയ്തു വെച്ചിട്ടില്ല” ”വെച്ചു അമ്മ” ”മോനെ മാനവ് നീയോ” ”റെഡിയാക്കി വച്ചിട്ടുണ്ട്” പാരീസിൽ പഠിക്കാൻ വന്നതാണ് മാനവ് പക്ഷെ ഇപ്പോൾ അവിടെ തന്നെയാണ് ജോലി ചെയ്യുന്നത്. അവൻ അവൻ്റെ കൂട്ടുകാരനായ നിർമ്മലിൻ്റെയും കുടുംബത്തിന്റെ കൂടെയാണ് താമസിക്കുന്നത് മാനവ് കുറെ നാളുകൾക്ക് ശേഷം തൻ്റെ നാട്ടിൽ പോകുകയാണ് കൂടെ നിർമ്മലും ഉണ്ട് . മാനവിൻ്റെ നാടും വീടും കാണണം എന്ന് ആഗ്രഹം അതുകൊണ്ട് നിർമ്മലും കൂടെ പോവുകയാണ് അങ്ങനെ നീണ്ട യാത്രയ്ക്ക് ഒടുവിൽ അവർ മാനവിൻ്റെ നാട്ടിൽ എത്തി ഉടനെ തന്നെ മാനവ് വീട്ടിലേക്ക് യാത്ര തിരിച്ചു അവർ വീട്ടിൽ എത്തി മുറ്റത്ത് നിൽക്കുന്ന തൻ്റെ മോനേ കണ്ട അച്ഛൻ മാനവിനെ ഓടിച്ചെന്ന് പുണർന്നു. അങ്ങനെ രണ്ടു പേരും വീട്ടിലേക്ക് കയറി. മാനവ് തൻ്റെ വീട്ടിലുള്ള വരെ നിർമ്മലിന് പരിചയപ്പെടുത്തി  നിർമലിനെ കണ്ടപാടെ അമ്മ ചോദിച്ചു ”മോനേ നീ പ്രശസ്തയായ എഴുത്തുകാരി ദയ കൃഷ്ണന്റെ മോനല്ലേ” അവൻ ആണെന്ന് തലയാട്ടി ഞാൻ അമ്മയുടെ ബുക്കുകൾ വായിച്ചിട്ടുണ്ട് ”എടാ മോനെ നീ പറഞ്ഞിട്ടില്ലല്ലോ  ദയ കൃഷ്ണന്റെ മകനാണ് നിൻ്റെ സുഹൃത്ത് ”.

”വന്നകാലിൽനിൽക്കാതെ നിങ്ങൾ റൂമിലേക്ക് പോയി ഫ്രഷ് ആയിട്ട് വാ. ”രമ കുട്ടികൾക്ക് ഭക്ഷണം എടുത്ത് വെക്ക്, അവർ റൂമിലേക്ക് പോയി” മാനവ് കുളിക്കാൻ പോയി നിർമ്മൽ കട്ടിലിൽ കിടന്ന് ഫോൺ നോക്കികൊണ്ടിരിക്കുമ്പോൾ
 പെട്ടെന്ന് ഒരു ശബ്ദം കേട്ട് ഞെട്ടി എഴുന്നേറ്റു. അവൻ ചുറ്റും നോക്കി തൻറെ തോന്നലായിരിക്കുമെന്ന് കരുതി അവൻ തൻ്റെ പണിതുടർന്നു. വീണ്ടും ഒരു ശാ്ദം കേട്ടു അത് ചങ്ങലകളുടെ ആയിരുന്നു ആ സമയത്ത് തന്നെ മാനവ് കുളി കഴിഞ്ഞ് വന്നു. ഇവിടെ എന്തൊക്കെയോ ശബ്ദം കേൾക്കുന്നു. ഒരു ചങ്ങലയുടെ കിലുക്കം പോലെ ”ഏ അത് നിനക്ക് തോന്നിയതായിരിക്കുംഅവൻ ചെറിയ വെപ്രാളത്തോടെ പറഞ്ഞു ”അല്ല ഞാൻ കേട്ടതാണ് മാനവ് മറുപടി ഒന്നും പറഞ്ഞില്ല. നിർമ്മൽ തറവാട് മൊത്തം ചുറ്റി കാണാമെന്ന് വച്ച് റൂമിൽ നിന്ന് പുറത്തേ ഇറങ്ങി. ചുറ്റിക്കണ്ട് കൊണ്ടിരിക്കുമ്പോൾ മാനവിന്റെ അമ്മ കയ്യിൽ ഒരു പാത്രത്തിൽ ഭക്ഷണവുമെടുത്ത് കോണിപ്പടി കയറി മുകളിലേക്ക് പോയി കുറച്ചു കഴിഞ്ഞ് കാലിയായ പാത്രവുമെടുത്ത് താഴേക്ക് വന്നു. ഇത് കണ്ട  നിർമ്മൽ മാനവി നോട് കാര്യം ചോദിച്ചു മാനവ് ഒന്നും പറഞ്ഞില്ല
മാനവും നിർമ്മലും കൂടി മാനവിൻ്റെ നാട് ചുറ്റിക്കാണാൺ പോയി. മാനവിനോട് ഒരാൾ ചോദിച്ചു ”മോനെ നീ എപ്പോൾ വന്നു” ”ഞാൻ ഇന്നലെ വന്നു” ”മോനേ മധു മോൾക്ക് എങ്ങനെയുണ്ട്?. അവനൊന്നും മിണ്ടിയില്ല ”എല്ലാം ശരിയാകും മോനേ നീ വിഷമിക്കാതെ?” എന്ന് പറഞ്ഞ് അയാൾ പോയി അവർ രണ്ടു പേരും മുന്നോട്ട് നടന്നു. ”എടാ മാനവ് ആരാ മധു അവൻ ഒന്നും മിണ്ടിയില്ല. അങ്ങനെ ഒരു ദിവസം മാനവിൻ്റെ അച്ഛനും അമ്മയും വീട്ടിൽ ഇല്ലാതെ  ഇരുന്നപ്പോൾ മുകളിൽ  എന്താണെന്ന് അറിയാൻ വേണ്ടി മുകളിലേക്ക് ചെന്നു അവിടെ ഒര് റൂം അടച്ച് ഇട്ടിരിക്കുന്നത് കാണ്ടു' അവൻ ആ റൂം പതുക്കെ തുറന്നു കാലിൽ ചങ്ങല ബന്ധിപ്പിച്ച് ഒരു പെൺകുട്ടി വാതിൽ തുറന്ന് ശബ്ദം കേട്ട് അവൾ നിർമ്മലിനെ നോക്കി അവൻ അവളുടെ മുഖത്ത് തന്നെ കണ്ടതിൻ്റെ ഭയം കാണാമായിരുന്നു അവൻ വാതിൽ അടച്ച് താഴേക്ക് പോയി. താഴെ മാനവ് നിൽക്കുന്നുണ്ടായിരുന്നു ”നീകണ്ടു അല്ലെ അവളെ” ആരാ അത് ”അവൾ മാധു, മാധ്യരി വിശ്വം എൻ്റെ അനിയത്തി ” ”നിൻ്റെ അനിയത്തിയോ അതിന് നീ എന്നോട് പറഞ്ഞിട്ടില്ലലോ അനിയത്തി യുള്ള കാര്യം എന്തിനാ അവളെ പൂട്ടിയിട്ടിരിക്കുന്നത്” അവൾ മാനസിക രോഗിയാ മൂന്ന് വർഷമായി” എന്താ പറ്റിയത് ” അവൾ ചെറുപ്പം മുതൽ എല്ലാകാര്യത്തിനും മിടുക്കിയായിരുന്നു പാട്ട്, ഡാൻസ് എല്ലാത്തിനും ഞാൻ പാരിസിൽ പഠിക്കാൻ വന്ന രണ്ടു വർഷത്തിനശേഷം മാധുരി കോളേജിൽ ചേർന്നു. ഫസ്റ്റ് ഇയറിൽ പഠിക്കുന്ന കുട്ടി എല്ലാത്തിനും മികച്ച് നിൽക്കുന്നത് കണ്ടാൽ സിനിയേസിന് അത് പിടിക്കില്ലലോ അവള പലകാര്യത്തിന മാനസികമായി ഉപദ്രവിച്ചു. അവളുടെ സുഹൃത്തുക്കൾ വഴിയാണ് ഞങ്ങൾ അറിയുന്നത് അവളെ കോളേജിൽ സീനിയേസ് ഉപദ്രവിക്കുന്നത്. പിന്നീട് അവളുടെ സ്വഭാവത്തിലും പെരുമാറ്റത്തിലും മാറ്റം വന്നു അവൾ പൂർണ്ണമായി മാനസികരോഗിയായി. ഇതെല്ലാം നടന്നു കഴിഞ്ഞ ശേഷമാണ് നമ്മൾ ഫ്രണ്ട്സ് ആയത് ”പിന്നീട് എന്താ സംഭവിച്ചത്” അവളെ ഉപദ്രവിച്ചവരെ പോലീസ്പിടിച്ചു. ഇതുവരെയായി മാധുരിക്ക് ഒരു മാറ്റവും

വന്നിട്ടില്ല. അത് പറഞ്ഞപ്പോ അവൻ്റെ കണ്ണുകൾ നിറഞ്ഞു. എല്ലാം കേട്ട ശേഷം നിർമ്മലിന് എന്തു പറയണമെന്ന് അറിയില്ലായിരുന്നു. മാനവും നർമ്മലും കൂടി മാധുരിയെ കാണാൻ പോയി. മാനവിനെ കണ്ടപ്പോൾ അവളുടെ മുഖത്ത് വലിയ സന്തോഷമായിരുന്നു പക്ഷെ അവൻ്റെ അടുത്ത് നിൽക്കുന്ന നിർമ്മിനെ കണ്ടപ്പോൾ ആ ചിരി മാഞ്ഞു പതുക്കെ പതുക്കെ മാധുരി നിർമ്മലുമായി കൂട്ടായി അവളെ മാനസിക രോഗിയാക്കിയ സംഭവങ്ങളെ അവൾ പതുക്കെ,മറന്ന് തുടങ്ങി മാധുരി പഴയ മാധുവായി മാറി. തൻ്റെ അനിയത്തിയെ പഴയപോലെയാക്കിയ നിർമ്മിനോട് എങ്ങനെ നന്ദിപറയണമെന്ന് അവന് അറിയില്ല. നിർമ്മൽ മാനവിൻ്റെ വീട്ടിൽ വന്നിട്ട് ഒന്നോ രണ്ടോ മാസമായി നിർമ്മൽ തിരിച്ച് വീട്ടിലേക്ക് പോകണം അവൻ പോവുകയാണ് ആ വീട്ടിലുള്ളവർക്ക് വലിയ സങ്കടമായി " ഞാൻ ഉറപ്പായും തിരിച്ച് വരാമെന്ന് പറഞ്ഞ് അവൻ പോയി. പാതിവഴിയിൽ നിന്ന് പോയമാധുരിയുടെ പഠനം പൊടിതട്ടിയെടുത്തു അവൾ കോളജിൽ പോകാൻ തുടങ്ങി അവിടെ വച്ച് അവൾക്ക് നിള എന്ന സുഹൃത്തിനെ കിട്ടി. കോളേജിൽ നിന്ന് മാധുരി തിരിച്ചു വന്നപ്പോൾ അവളുടെ മുഖത്ത് വലിയസന്തോഷം കാണാൻ കഴിഞ്ഞു. തനിക് ഒരിക്കലും തിരിച്ച് കിട്ടില്ല എന്ന് വിചാരിച്ച ആ കോളേജ് ജീവിതം തിരിച്ച് കിട്ടിയതിൽ മാഞ്ഞുപോയ തൻ്റെ അനിയത്തിയുടെ ചിരി തിരിച്ചുവന്നതിൽ അവന് വലിയസന്തോഷമായി. ഒരു ദിവസം മാധുരിയും നിളയും കൂടി മാധുരിയുടെ വീട്ടിൽ വന്നു. നിള അവരെ ആദ്യമായി കാണുന്നതുപോലെയല്ല പെരുമാറിയത്. തനിക്ക് മുമ്പ് അറിയാവുന്നതുപോലെയാണ്. "മോളേ നിള ശരിക്കും എന്താ സംഭവിച്ചത് " അത് കാറിലേക്ക് ട്രക്ക് വന്ന് ഇടിച്ചതാ ഹോസ്പിറ്റലിൽ കൊണ്ട് പോകുന്നതിനു മുമ്പ് പോയി ഇവർ സംസാരിക്കുന്നതിനി ടയിലേക്ക് മാധുരി വന്നതുകൊണ്ട് അവർ അവർ ആ വിഷയം അവിടെകൊണ്ട് നിർത്തി. അങ്ങനെ നിണ്ട കോളേജ് ജീവിതം അവസാനിക്കാൻ പോകുകയാണ് ഫൈനൽ ഈയറിലെ അവസാന ക്ലാസ്സുകൾ അന്ന് അവിടെ കോളേജിൽ ചെറിയ പരിപാടിയുണ്ടായിരുന്നു ആപരിപാടിയുടെ ഗസ്റ്റ് പ്രശസ്തയായ എഴുത്തികാരി ദയകൃഷ്ണയായിരുന്നു. മാധുരിയുടെ പ്രിയപ്പെട്ട എഴുത്തുകാരി. പരിപാടി കഴിഞ്ഞ് ദയകൃഷ്ണൻ തിരിച്ചുപോകുന്നതിന് മുമ്പ് നിളയോട് എന്തോ സംസാരിക്കുന്നത് മാധുരി കണ്ടു. അവൾ നിളയോട് എന്താ ചോദിച്ചതെന്ചോദിച്ചു അവൾ ഒന്നുചിരിച്ചതെയുള്ളൂ. കോളേജ് കഴിഞ്ഞ് വരുമ്പോൾ അച്ഛനും, അമ്മയും, ചേട്ടനും കൂടി എന്തൊക്കെയോ സംസാരിക്കുന്നത് മാധുരികണ്ടു. അവരെ ശല്ല്യപെടുത്തണ്ട എന്ന് കരുതി അവൾ സംസാരത്തിന് ഇടയിൽ കയറിയില്ല. പക്ഷെ നിർമ്മലിൻ്റെ പേര് കേട്ടപ്പോൾ എന്താണെന്ന് അറിയാൻ അവൾ അവിടെ നിന്നു. "മോനേ ഇനിയെങ്കിലും മാധുനോട് പറയേണ്ടേ "എന്ത് വിശ്വാസത്തിൽ ഞാൻ പറയും. അവൾ പഴയ പോലെ ആകുമോ എന്ന് എനിക്ക് പേടിയാ" "എന്നാലും അവൾ അറിയേണ്ടേ " എന്ത് നിർമ്മൽ ഇപ്പോൾ ജീവിച്ചിരിപ്പില്ലാ എന്ന് " ഇത് കേട്ടുമാധു ബഹളമുണ്ടാക്കി "ഇല്ല ഇത് സത്യമല്ല." അവളുടെ ശബ്ദം കേട്ടപോഴാണ് അവൾ വന്നു എന്ന് അവർ അറിഞ്ഞത് അങ്ങനെ കുറച്ച് ദിവസങ്ങൾക്ക് ശേഷം ഒരു വീടിന് മുമ്പിൽ കോളിംഗ് ബെൽ കേട്ട് വാതിൽ തുറക്കുന്നു. മാധുരിയും മാനവും ആയിരുക്കും നിള അവരെകണ്ട് ചെറു പുഞ്ചിരിയൊടെ അകത്തേക്ക് വിളിച്ചു നിളയെകണ്ട മാധുരി അവളെ സംശയത്തോടെ നോക്കി !! നീ ഇങ്ങനെ നോക്കണ്ട ഞാൻ നിർമ്മലേട്ടൻ്റെ അനിയത്തിയാ ഇത് എൻ്റെ അമ്മ ദയകൃഷ്ണൻ " നിർമ്മലേട്ടൻ്റെ അനിയത്തിനാണെന്നു ദയ കൃഷ്ണൻ്റെ മകളാണെന്നും പറയാതെ ഇരുന്നതിന് കാരണം നിൻറെ അടുത്തുനിന്ന് ചോദ്യങ്ങൾ വരുമെന്ന് അറിയാവുന്നതുകൊണ്ട് വീണ്ടും അരോ കോളിംങ് ബെല്ല് കേട്ട് വാതിൽ തുറന്നു അത് അനാഥാലയത്തിൽ നിന്ന് വന്നവരാണ് "മാം? നാളെയാല്ലെ നിർമ്മൽ മോൻ്റെ ഓർമ്മ ദിവസം അതുകൊണ്ട് മോനുവേണ്ടി പ്രാർത്ഥനയുണ്ട് വരണമെന്ന് പറയാൻ വന്നതാ " മാം ഈ കുട്ടി... മാധുരിയും.... ഓ അറിയാം നിർമ്മൽ മോൻ പറഞ്ഞിട്ടുണ്ട് മോളേ അവന് വലിയ ഇഷ്ട്മായിരുന്നു ഇടയ്ക്ക് ഡോണേഷൻ തരാനും അല്ലാതെ കുട്ടികളെ കാണാൻ വരുമ്പോഴും മോളേക്കുറിച്ച് പറയാറുണ്ടായിരുന്നു. പക്ഷെ മോൻ ആയുസ്സ് കൊടുത്തില്ല ദൈവം എന്നാൽ ഞങ്ങൾ പോകുവാ! ഇതൊക്കെകേട്ട് എന്തു പറയണമെന്ന് അറിയാതെ മാധുരി നിന്നു. നിള മാധുരിയെ നിർമലിന്റെ റൂമിലേക്ക് കൂട്ടി കൊണ്ട് പോയി. അവിടെ ഒരു ക്യാൻവാസിൽ നിർമ്മൽ മാധുരിയുടെ ചിത്രം വരച്ചുവെച്ചത് കണ്ട് അവൾ അത്ഭുതത്തോടെ നോക്കിനിന്നു. ചേട്ടൻ നിന്നെകാണാൺ വേണ്ടി വരാൻ ഇരിക്കുവായിരുന്നു അപ്പോഴാണ് മാധുരി നിർമ്മലിൻ്റെ കല്ലറയിൽ ചെന്നു. "ഇതായിരുന്നല്ലെ തിരിച്ച് വരാമെന്ന് പറഞ്ഞത് എന്ന് പറഞ്ഞവൾ പൊട്ടിക്കരഞ്ഞു കുറച്ച് വർഷങ്ങൾക്കു ശേഷം "മാം ഒരാഴ്ചയായി" "അറിയുന്നുവോ ഇറങ്ങിയിട്ട് വളരെ നല്ല പ്രതികരണമാണ് ഉള്ളത് എങ്ങനെയാണ് ഇങ്ങനെ ഒരു കഥയെഴുതി സംവിധാനം ചെയ്തത്

ഇത് വെറുമൊരു കഥയല്ല ജീവിതം ആണ് ചങ്ങലയിൽ തളയ്ക്കപ്പെട്ട മാധുരിയെ അറിഞ്ഞ നിർമ്മൽ നിർമ്മലിനെ അറിഞ്ഞ മാധുരിയുടെയും....

# പ്രളയം

Devanandha
8D



2018 ആഗസ്റ്റിൽ ഉണ്ടായ പ്രളയം കേരളത്തിന്റെ ഓർമ്മയിൽ ഒരു പേടിസ്വപ്നമായിരുന്നു. കുറെ അധികം ദുരിതങ്ങളിൽ കൂടെ ആണ് കേരളത്തിലെ ജനങ്ങൾ കടന്നുവന്നത്. ദിവസവും ഉള്ള ദിനപത്രങ്ങളിൽ വന്ന വാർത്തകൾ മനുഷ്യസ്നേഹികളുടെ ഉറക്കം കെടുത്തി.പ്രളയം ദുരിതം വിതച്ചെങ്കിലും കേരളീയന്റെ ഉറങ്ങിക്കിടന്ന മനസ്സ് ഉയർന്ന് രക്ഷക്കായി പ്രളയ ജലത്തിൽ ഇറങ്ങി. ഇങ്ങനെ കുറേ ആളുകൾ ഒരുപോലെ വന്ന് പ്രവർത്തിച്ചത് കൊണ്ടാണ് മരണസംഖ്യയുടെ എണ്ണം കുറഞ്ഞത്.സർക്കാരുടെ സുരക്ഷാ സംവിധാനങ്ങളും മത്സ്യത്തൊഴിലാളികളുടെ സന്നദ്ധപ്രവർത്തകരും ജീവൻ രക്ഷക്കായി എത്തിയപ്പോൾ നിങ്ങൾ ഏതു ജാതി ഏതു മതം എന്നാരും ചോദിച്ചില്ല.മാനവികതയിൽ ഉറച്ചുനിൽക്കുന്ന ഒരു പുതിയ യുഗപ്പിറവിയായി മാറി ദുരന്തം വിതച്ച പ്രളയം.1924ലെ മഹാപ്രളയത്തെ കുറിച്ച് ഞാൻ കേട്ടിട്ടുണ്ട്.1924 ലെ വെള്ളപ്പൊക്കത്തിന് എത്രയോ ഇരട്ടി വിനാശകരമായിരുന്നു 2018ലെ പ്രളയം.കേരളത്തിലെ ദുരിതാശ്വാസ ക്യാമ്പുകൾ മനുഷ്യരെല്ലാം ഒരുപോലെയാണ് എന്ന ആശയത്തിന്റെ പ്രതീകങ്ങളായി.കേരളം ഈ ദുരന്തത്തെയെല്ലാം ധീരമായി അതിജീവിക്കും എന്ന ഉറച്ച വിശ്വാസമാണ് ജനങ്ങൾക്ക് ഊർജ്ജം പകർന്നത്.കേരളത്തിലെ 13 ജില്ലകൾ പ്രളയ കെടുതി അനുഭവിച്ചു.പത്തനംതിട്ട,ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട് ജില്ലകളിൽ അതിരൂക്ഷമായ കെടുതികളിലൂടെ കടന്നുപോയി. അഞ്ഞൂറോളം പേരുടെ ജീവൻ നഷ്ടപ്പെട്ടു.3,91,494 കുടുംബങ്ങളിൽ നിന്നായി 14,50,707 പേർ വരെ ദുരിതാശ്വാസ ക്യാമ്പുകളിൽ ജീവിക്കേണ്ടിവന്ന വിധം പ്രളയം രൂക്ഷമായി.ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളും ലോകമെമ്പാടുമുള്ള മലയാളികളും കേരളത്തിന്റെ രക്ഷയ്ക്കായി പണവും വസ്തുവകകളും ഇങ്ങോട്ട് നൽകി.കേരള സർക്കാർ മാതൃകാപരമായ രീതിയിൽ എല്ലാ രക്ഷാപ്രവർത്തനങ്ങളേയും ഏകോപ്പിച്ചു.അന്താരാഷ്ട്രമാധ്യമങ്ങൾവലിയ വിസ്മയത്തോടെയാണ് ഇതെല്ലാം നോക്കി കണ്ടതും റിപ്പോർട്ട് ചെയ്തതും.ഇപ്പോൾ ഫിനിക്സ് പക്ഷിയെ പോലെ കേരളം ഉയർത്തെഴുന്നേൽപ്പിന്റെ ക്ലേശകരമായ പാതയിലാണ്.മനുഷ്യസ്നേഹം നിറയുന്ന എല്ലാ മനസ്സുകളും ഈ ഉയർത്തെഴുന്നേൽപ്പിൽ പങ്കാളികളാകേണ്ടത് അനിവാര്യമായ ധർമ്മമാണ്.



# ആയുസ്സറ്റുപോയ ജീവിതങ്ങൾ

സൂര്യമിത്ര പി
X C

മുല്ലപ്പൂവിന്റെ സുഗന്ധം മുടിയിഴകളിൽ നിന്നും മാറിയിട്ടില്ല. നിൻ സീമന്തരേഖകൾക്ക് ആയുസുണ്ടായിരുന്നില്ല. താലിച്ചരട് നിൻ കഴുത്തിൽ നിന്ന് അറ്റുപോയത്രേ! നിറങ്ങൾ ചാലിച്ച ലോകത്തിൽ നിന്ന് നീയിനി അണഞ്ഞുപോയ വിളക്കുപോലെ. അവൾക്കുകൂട്ടായി കാർമേഘങ്ങളും അണിനിരുന്നു.ആർദ്രമെങ്കിലും നിൻ മിഴികൾക്ക് സമമായി ഇന്നി ഭൂമിയിൽ മറ്റൊന്നിനും ഭംഗിയർഹിക്കുന്നില്ല.നിന്നിൽ ഞാനലിഞ്ഞുചേരുമ്പോൾ ലോകം എന്നെ നിന്നിൽനിന്നും പറിച്ചെടുത്തു. ഒടുവിൽ നിന്നെയവർ വിളിച്ചു `വിധവ'.

# ഒറ്റക്ക്

Niya Theres Prasad
IX B



നേരം പുലർന്നു, കിളികളുടെ കാഹള ശബ്ദം മുഴങ്ങുന്നു. ആരെന്നോ എങ്ങോട്ടെന്നോ ഇല്ലാതെ ഞാൻ മുമ്പോട്ട്. കുന്നിന്റെ നെറുകയിലുള്ള ആൽമരത്തിന്റെ ചുവട്ടിൽ എന്തോ കാത്തിരിക്കുന്നത് പോലെ ഓർമ്മകൾ മനസ്സിൽ ഓടി നടക്കുന്നു. എന്തെന്നില്ലാത്ത സന്തോഷം. പക്ഷേ സന്തോഷത്തിന് മരവിപ്പ്.ഏകാന്തത, ചുറ്റും ഒരു ശാന്തമായ കുളിർ കാറ്റ്. കണ്ണെത്താദൂരത്ത് ആരുമില്ല. ആരോ എന്റെ പേര് മന്ത്രിക്കുന്ന പോലെ. കുന്നിൻ നെറുകയിൽ നിന്ന് ഒരു തിരിഞ്ഞുനോട്ടം. ഇരുട്ടിന്റെ വീഥിയിൽനിന്ന് പ്രകാശത്തിന്റെ ഓരങ്ങളിലേക്ക് ഞാൻ ഓടിയെത്തി. അന്നും ഒരു പ്രതീക്ഷ മനസ്സിൽ ചാമ്പലാവാതെ ഉണങ്ങിക്കിടക്കുന്നു. "എല്ലാവർക്കും ഒരു ചങ്ങാതിക്കൂട്" എന്നപോലെ എനിക്കും ഒരു ആത്മസുഹൃത്തിന്റെ തണൽ ഉണ്ടാകുമെന്ന കൈപ്പേറിയ നണ ഞാൻ വിശ്വസിച്ചു. എന്നാൽ എനിക്ക് ഞാൻ മാത്രം മതി എന്ന് നഗ്നമായ സത്യം ഞാൻ മനസ്സിലാക്കുന്നത് ഇപ്പോഴാണ്. എന്നെക്കാളും എന്നെക്കുറിച്ച് ആർക്കും അറിയില്ല. എനിക്ക് മാത്രമേ എന്നെ നേർവഴിയിൽ നടത്താൻ കഴിയൂ. എന്നാൽ ഈ സത്യം ഞാൻ മനസ്സിലാക്കുന്നത് ഇപ്പോഴാണ്. എന്നാൽ ഒറ്റപ്പെട്ടിരിക്കുമ്പോൾ ഒരു നിമിഷത്തെ സാന്ത്വനമായി ഒരു ചങ്ങാതി വേണമെന്നതിന്റെ വിലയും എനിക്ക് മനസ്സിലാകുന്നു. എല്ലാത്തിനും അതിന്റേതായ സമയം ഉണ്ടെന്ന ചൊല്ല് പോലെ ആ ഒരു വരവിനായി ഞാൻ കാത്തിരിക്കുന്നു. ഗ്രാമവീതിയിലൂടെ, പറന്നു നടക്കുന്ന പക്ഷികളിലൂടെയും, വൃക്ഷങ്ങളെ തഴുകുന്ന കാറ്റിലൂടെയും, കളിച്ചു നടക്കുന്ന കുട്ടികളിലൂടെയും, ഞാൻ ഈ സന്തോഷം അറിയുന്നു.പക്ഷേ എന്തോ ഇല്ല എന്നൊരു അപൂർണ്ണത എന്നെ വിട്ടു പോകുന്നില്ല.

# ജീവിത താളുകൾ

Kahiha Bhanu
IX B

പുതിയ അധ്യയന വർഷത്തിന്റെ ആരംഭം മനസ്സിന്റെ അടിത്തട്ടിലേക്ക് ഇറങ്ങുന്ന മണ്ണിന്റെ ഗന്ധം പുതുവർഷത്തിന്റെ മാറ്റ് കൂട്ടുന്നു. എന്തെന്നറിയാത്ത കൗതുകം. ഡയറി എഴുത്ത് ഇതുവരെ ഇല്ല ഇത് നിമിഷനേരം കൊണ്ട് തോന്നിയതാണ്. ചിന്തകളും വാക്കുകളും കുത്തിക്കുറിക്കുന്ന കടലാസ്.... മനുഷ്യരെക്കാൾ സഹിഷ്ണുതയുണ്ട് കടലാസിന് എന്നു പറയുന്നത് ശരിയാണല്ലേ ? 2023 ... കഴിഞ്ഞു പോയ കാലമേ നിനക്കു നന്ദി... പഠിച്ച പാഠങ്ങൾക്കും മുഖം നോക്കാതെ നേരിടാൻ തന്ന ധൈര്യത്തിനും. നീ തന്ന ഓർമ്മകളും പാഠങ്ങളും ജീവിതം എന്ന പുസ്തക താളുകളിൽ കുറിക്കപ്പെട്ടുണ്ട് പുതിയ അധ്യായത്തിന്റെ പുതുമണം ദിവസത്തിന് ഉന്മേഷം ആകുന്നു. ഇനി വരുന്ന ഓരോ നാളുകളും പുതിയ പാഠങ്ങൾ സമ്മാനിക്കും. തെറ്റിൽ നിന്ന് ശരിയിലേക്ക് പോകാനുള്ള പാഠങ്ങൾ, അത് ദുഃഖമോ സന്തോഷമോ സമ്മാനിക്കാം ജീവിതത്തിലേക്ക് ചേർക്കാനുള്ള പുതിയ താളുകളെ ഞാൻ കൗതുകത്തോടെ കാത്തിരിക്കുന്നു.



# അഗ്നിഗോളം


ഗായത്രി ആർ
X D

കടലിനടിത്തട്ടിൽ നിന്നുയർന്ന വാനിൽ
വെളിച്ചമായുദിച്ച് പുലരിയായി പൂക്കളെ
തളിരിട്ട തരുക്കളെ  തഴുകി മാനവരെ
ജന്തു ജീവജാലങ്ങളെ ഉണർത്തി
സന്ധ്യയ്ക്ക് വാനിൽ  സിന്ദൂരം പൂശി
ദിനത്തിൽ ആരംഭം മുതൽ അന്ത്യം വരെ
വെളിച്ചമേകി മടങ്ങുമീ ഞാൻ എന്തിനു വേനലായി
പാതകൾ കനലാക്കി ജലാശയങ്ങൾ കുടിച്ചു വറ്റിച്ചു
തരുക്കളെ തളർത്തിയും കാറ്റിനും കുളിർ താപമയമായി മാറ്റിയും
ഒരു അഗ്നിഗോളമായി ഭൂമിയെ ചുട്ടെരിച്ചും?
മാനവർ, സസ്യങ്ങൾ,ജന്തുജീവ ജീവജാലങ്ങൾ മണ്ണോടടിഞ്ഞും
ഈ കത്തുന്ന വേനലിൽ അഗ്നിതൻ സാക്ഷിയായി
പുതു പ്രതീക്ഷകൾക്ക് ആരംഭമായി
അഗ്നിതൻ കരങ്ങളാൽ ചിതയെരിഞ്ഞ്
മണ്ണോടടിയും  മാനവർതൻ ജീവിതം പോൽ



# ശക്തി

Naja Fathima
VIII A



മാനത്തിന്റെ ശക്തി
ശബ്ദത്തിനറിയാം.
വെളിച്ചത്തിന്റെ ശക്തി
ഇരുട്ടിനറിയാം.
സത്യത്തിന്റെ ശക്തി
അത് , കളവിനറിയാം.
ശരിയുടെ ശക്തി
അത് , തെറ്റിനറിയാം.
എന്നാൽ.......
ധൈര്യത്തിന്റെ ശക്തി
അത് ധീരന്മാർക്കേ
അറിയൂ........



# പ്രകൃതി

നയന ബിനോയ്
IX B

എത്ര സുന്ദരമാണീ പ്രകൃതി
കുന്നുകൾ താഴ്‌വരകൾ വൃക്ഷലതാദികൾ
പലതരം ജീവജാലങ്ങളായ് അതിലൊരു സൃഷ്ടിയായ് ഞാനും
അങ്ങനെ എത്ര സുന്ദരമാണീ പ്രകൃതി
മാറ്റത്തിന്റെ ഭാഗമായ് പ്രകൃതിയെ നാം നശിപ്പിക്കുന്നു
എവിടെ നോക്കിയാലും പ്ലാസ്റ്റിക്കുകൾ
വൻകിട കെട്ടിടങ്ങൾ നിർമ്മിക്കുന്നു
യന്ത്രങ്ങൾകൊണ്ട് മരം മുറിച്ചിടുന്നു.
പ്രാണവായു തരുന്ന വൻമരങ്ങൾ
ഒരു നിമിഷംകൊണ്ട് വെട്ടിടുമ്പോൾ ഓർക്കണം
നാളെയുടെ പ്രാണവായു
ചീറിപ്പായുന്ന വാഹനങ്ങൾ പുകപടലങ്ങൾ നിറച്ചിടുന്നു
എല്ലാം കാണുമ്പോൾ കേൾക്കുമ്പോൾ...
പ്രാണവായു നാം തന്നെ നശിപ്പിക്കുന്നു.



# ചുവപ്പ്

സേതുലക്ഷ്മി
X D



രക്തസാക്ഷികളാൽ,
രക്തത്താൽ
ഉയിർന്നുവന്ന ധീര-
സാഹിത്യമേ..
സമുദ്രമായി നിറയുന്ന നിൻ ധീരചരിത്രങ്ങൾ ബാക്കി
പ്രണയിച്ച കാലം ഹൃദയത്തിൽ
ഒരുപിടി പളുങ്കുപാത്രമായി
സൂക്ഷിപ്പൂ.....
ഒരു ധീര സഖാവായി
ഞാൻ പാരിതിൽ എന്റെ
ശ്വാസ മണയുന്ന നാൾ വരെ

# ബാല്യകാലം

.

ദേവദത്ത് ആർ
IX C

ഒരവസരം ലഭിച്ചാലും
തിരിച്ചുകിട്ടാൻ  കഴിയാത്ത ബാല്യകാലത്തെ ഓർത്തിരിക്കാൻ എന്തുരസം....
കുട്ടിക്കാലത്തെ ഊഞ്ഞാലും മരച്ചോടും ഇപ്പോഴും അവിടെതന്നെയുണ്ട്.

തെളിയുന്നു എൻമനസ്സിൽ ഇപ്പോൾ കൂട്ടുകാർ ഓർക്കുമ്പോൾ പൊടിയുന്നു
കണ്ണുനീർ തുള്ളികൾ
എപ്പോഴുമെന്നമ്മ പറയാറുണ്ടായിരുന്നു ബാല്യം ഒന്നേ ഉണ്ടാകൂ എന്ന്


മായാത്ത ഓർമകളും മറക്കാനാകാത്ത സന്തോഷവും നൽകികൊണ്ട്
ബാല്യം എന്നും എന്നെ നോക്കി ചിരിക്കുന്നു
എന്നോർത്തുകൊണ്ട് ഞാനും.....



# വരയിടം...





kaniha bhanu
ix b


kaniha bhanu
ix b


Roshan Rajeesh Mathew 8C


Shamna K.m
8B


Annapoornna K.B 6-B


Rinsha · CR
IXB


Niranjan.s
6A


NIRANJAN 6A

ഡിജിറ്റൽ സാഹിത്യരംഗത്ത് മുന്നേറുവാൻ എല്ലാ കുട്ടികൾക്കും ഇതൊരു പ്രചോദനമാകുമെന്ന് പ്രതീക്ഷിക്കട്ടെ....

സഹകരിച്ച എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി...

